# ടൈംസ് ഓഫ് അമേരിക്കൻമലയാളി
## സാംസ്കാരികം

TIMES OF AMERICAN MALAYALI

2025 മേയ്





Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**


www.timesofamericanmalayali.com




മാനവികതയ്ക്കായി ഒന്നിക്കാം

**ഫ്രാൻസിസ് മാർ പാപ്പാ ...... 2**


**ശി**വഗിരിമഠത്തിലെ സംപൂജ്യരായ സ്വാമിമാരേ, ശ്രീനാരായണീയരേ, പ്രിയ സുഹൃത്തുക്കളേ, മഹാനായ അദ്ധ്യാത്മികനേതാവും സാമൂഹിക പരിഷ്കർത്താവുമായ ശ്രീനാരായണ ഗുരു സംഘടിപ്പിച്ച സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷിക്കാൻ കേരളത്തിൽ നിന്നെത്തിയ വിവിധ മതസ്ഥരായ നിങ്ങൾക്കു സുസ്വാഗതം.

ഏഷ്യയിലെയും ഇന്ത്യയിലെയും വിവിധ മതങ്ങൾ തമ്മിലുള്ള സംവാദത്തിലെ നാഴികക്കല്ലായ ഈ ശതാബ്ദിയുടെ സ്മരണക്കായി, മതൈക്യ സംവാദത്തിനുള്ള തിരുസംഘത്തിന്റെ പിൻതുണയോടെ സംഘടിപ്പിക്കുന്ന ഈ സർവ്വമത സമ്മേളനത്തിൽ നിങ്ങളെല്ലാം പങ്കെടുക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.






**മൻ കീ ബാത്ത്** പ്രധാന മന്ത്രി മനസ്സു തുറക്കുന്നു 121.........**3**

**കോടതി കഥകൾ – 26**
വക്കീലാണോ? ഗുമസ്തു താലി ചാർത്തണം
**അഡ്വ. വർഗീസ് പി. തോമസ്** ........... **4**



**സാംസ്കാരികം** .......... **7**
നൂറു വർഷം മുമ്പ്....
**ബുദ്ധവിഗ്രഹം കറുത്തതായതെങ്ങനെ?**
കഥ **കലഹിച്ച് കലഹിച്ച് പൂക്കുന്നവർ**
**– ജസീറ അനസ്**
കവിത **നിശബ്ദമായ ഒരു വാക്ക്**

**ബുക് ഷെൽഫ്**



DAYS AND DATES IN MAY 2025


# പരിവർത്തിത ലോകത്തിന്റെ നായകൻ ഫ്രാൻസിസ് മാർപാപ്പാ

**– ജോർജ് തഴക്കര**



ആഗോള കത്തോലിക്ക സഭയുടെ ആത്മീയപിതാവ് എന്നതിനോടൊപ്പം ലോകജനതയുടെ പ്രത്യാശയുടെ പ്രതീകമായിരുന്നു ഫ്രാൻസിസ് മാർ പാപ്പ. 2025 ഏപ്രിൽ 21ന് ഇന്ത്യൻ സമയം രാവിലെ 11.05നായിരുന്നു ആ വിയോഗം. ക്രൈസ്തവസഭയിലെ കത്തോലിക്ക വിഭാഗത്തിന്റെ പരമാദ്ധ്യക്ഷൻ എന്ന അർത്ഥതലത്തിൽ നിന്നായിരുന്നില്ല ആ വിയോഗം ലോകം ശ്രവിച്ചത്. സഭയുടെയും വിശ്വാസത്തിന്റെയും ചട്ടക്കൂടിൽ നിന്നുകൊണ്ടുതന്നെ ഒരു ആദ്ധ്യാത്മിക പിതാവിന് എത്രത്തോളം ജനകീയനാകാമെന്നും; ഏതൊരു രാജ്യത്തും നടക്കുന്ന അരാജകത്വത്തിലും അനിശ്ചിതത്വത്തിലും ദുരിതത്തിലും ദുരന്തത്തിലും ആ മനസ്സ് ഖിന്നമായിരുന്നു.

പ്രത്യാശ പ്രദാനം ചെയ്യുമ്പോഴും ആ മനസ്സ് ആകുലചിത്തമായിരുന്നു. വർത്തമാനകാലത്തിന്റെ നിത്യസ്നേഹമായിരുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിന്റെ പിറ്റേന്നായിരുന്നു ആ മരണവാർത്ത ആഗോളതലത്തിൽ വ്യാപിച്ചത്.

വേദനിക്കുന്നവന്റെ പക്ഷത്തുനിന്നുകൊണ്ട്, രോഗികളിലും കാരാഗൃഹവാസികളിലും കുടിയിറക്കപ്പെട്ടവരിലും യുദ്ധമുഖത്തുമെല്ലാം നാം പ്രത്യാശയോടെ കാത്തിരുന്ന പ്രതീക്ഷയുടെ നീതിയായിരുന്നു ഫ്രാൻസിസ് മാർപാപ്പ. അതിരുകളില്ലാത്ത സ്നേഹത്തെ വിളംബരം ചെയ്തുകൊണ്ട് തന്റെ ക്രിസ്തുദൗത്യം പൂർത്തിയാക്കി മടങ്ങി.

മരണത്തിന്റെ കവാടം തനിക്കു മുന്നിൽ തുറക്കുന്നുവെന്ന ബോധ്യത്തോടെയാണ് ഫെബ്രുവരി 14 മുതൽ 38 ദിവസം റോമിലെ ജെമെല്ലി ആശുപത്രിയിലെ ചികിത്സയെ നേരിട്ടത്. ശ്വാസകോശത്തിന്റെ രണ്ടറകളിലും ന്യൂമോണിയ പിടിമുറുക്കിയെങ്കിലും മാർച്ച് 23ന് രോഗശമനത്തിന്റെ ഭാഗമായി ആശുപത്രിവിട്ടു. കർശന നിയന്ത്രണമുണ്ടായിട്ടും വിശ്രമിക്കുകയല്ല തന്റെ ജീവിതം എന്ന് എപ്പോഴും ബോധ്യപ്പെടുത്തിക്കൊണ്ടിരുന്ന മാർ പാപ്പാ റോമിലെ ചേലി ജയിലിലെ തടവുകാരെ സന്ദർശിച്ചു. ക്രിസ്തുവിന്റെ പീഡാനുഭവത്തിലൂടെ കടന്നുപോകുകയായിരുന്നു. ഈസ്റ്റർ സന്ദേശത്തിൽ ഗായയിലെയും യുക്രൈനിലെയും യുദ്ധബാധിത മേഖലകളെക്കുറിച്ച്

➲8





# മാനവികതയ്ക്കായി ഒന്നിക്കാം

ഫ്രാൻസിസ് മാർ പാപ്പാ

**ശി**വഗിരിമഠത്തിലെ സംപൂജ്യരായ സ്വാമിമാരേ, ശ്രീനാരായണീയരേ, പ്രിയ സുഹൃത്തുക്കളേ, മഹാനായ അദ്ധ്യാത്മികനേതാവും സാമൂഹിക പരിഷ്കർത്താവുമായ ശ്രീനാരായണ ഗുരു സംഘടിപ്പിച്ച സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷിക്കാൻ കേരളത്തിൽ നിന്നെത്തിയ വിവിധ മതസ്ഥരായ നിങ്ങൾക്കു സുസ്വാഗതം.

ഏഷ്യയിലെയും ഇന്ത്യയിലെയും വിവിധ മതങ്ങൾ തമ്മിലുള്ള സംവാദത്തിലെ നാഴികക്കല്ലായ ഈ ശതാബ്ദിയുടെ സ്മരണക്കായി, മതൈക്യ സംവാദത്തിനുള്ള തിരുസംഘത്തിന്റെ പിൻതുണയോടെ സംഘടിപ്പിക്കുന്ന ഈ സർവ്വമത സമ്മേളനത്തിൽ നിങ്ങളെല്ലാം പങ്കെടുക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

'മെച്ചപ്പെട്ട മാനവികതക്കായി മതങ്ങളുടെ ഒരുമിക്കൽ' എന്ന ഈ സമ്മേളന തത്വം തികച്ചും പ്രസക്തവും സുപ്രധാനവുമാണ്.

ജാതി, മത, വർണ്ണ വിവേചനങ്ങൾക്ക് അതീതമായി സമൂഹത്തിലെ എല്ലാവരും ഒരൊറ്റ മാനവിക കുടുംബത്തിലെ അംഗങ്ങളാണെന്നു തിരിച്ചറിഞ്ഞ് അവരെ സമുദ്ധരിക്കുന്നതിനാണ് ശ്രീനാരായണ ഗുരു ജീവിതം സമർപ്പിച്ചത്. സമൂഹത്തിൽ ഒരു തരത്തിലും തലത്തിലും വിവേചനം അരുതെന്ന് അദ്ദേഹം ശഠിച്ചു. രാഷ്ട്രങ്ങളും ജനങ്ങളും തമ്മിലുള്ള വിഭാഗീയത വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ഏറെ പ്രസക്തമാണ് അദ്ദേഹത്തിന്റെ സന്ദേശം. നിർഭാഗ്യവശാൽ വർഗ്ഗം, വർണ്ണം, ഭാഷ, മതം തുടങ്ങിയ വ്യക്തികൾ അനുദിനജീവിതത്തിൽ എല്ലാ മേഖലകളിലും വേർതിരിവും സംഘർഷവും അക്രമവും നിലനിൽക്കുന്നു. സമൂഹത്തിലെ ഏറ്റവും പിന്നാക്കനിരയിലുള്ള പാവങ്ങളാണ് ഇതിന്റെ ദുരിതം കൂടുതൽ അനുഭവിക്കുന്നത്.

അവകാശങ്ങൾ, കടമകൾ, മാന്യത തുടങ്ങി എല്ലാറ്റിലും തുല്യരായി ഏകോദര സഹോദരങ്ങളായി സ്നേഹത്തിൽ ജീവിക്കാനാണ് ദൈവം എല്ലാമനുഷ്യരെയും സൃഷ്ടിച്ചതെന്ന് 2019 ഫെബ്രുവരി 4ന് അബുദബിയിൽ അൽ അസർ ഗ്രാന്റ് ഇമാം അഹമ്മദ് അൽ തയ്യബിനൊപ്പം ഞാൻ ഒപ്പുവച്ച ലോക സമാധാനത്തിനും സഹവർത്തിത്വത്തിനുമായുള്ള കൂട്ടായ്മ രേഖയിൽ പറയുന്നു. മനുഷ്യരെല്ലാം ദൈവത്തിന്റെ മക്കളാണെന്നും സ്നേഹത്തിൽ ജീവിക്കാൻ കടപ്പെട്ടവരാണെന്നുമുള്ള അടിസ്ഥാന തത്വം എല്ലാ മതങ്ങളും പഠിപ്പിക്കുന്നു. പരസ്പരം ആദരിക്കാനും സഹായിക്കാനും നാമെല്ലാവരും കടമപ്പെട്ടവരാണ്. എന്നാൽ, മഹത്തായ ഈ മതതത്വങ്ങൾ പിൻതുടരുന്നതിൽ ഉണ്ടായ വീഴ്ചയാണ് ഇന്നത്തെ സംഘർഷങ്ങൾക്കു കാരണം. മഹത്തായ ഈ തത്വങ്ങൾക്കനുസരിച്ചു നാം ജീവിച്ചാലെ സമൂഹത്തിൽ സാഹോദര്യവും സൗഹൃദവും സമാധാനവും പുലരുകയുള്ളൂ.

വൈവിധ്യത്തിലും ഐക്യം ശക്തിപ്പെടുത്തുന്നതിന് എല്ലാം മറന്ന് സഹകരിച്ചാലെ വെല്ലുവിളികളെ സധൈര്യം നേരിട്ട് സമൂഹത്തിൽ സമാധാനത്തിന്റെ സൃഷ്ടാക്കളാകാൻ നമുക്കു കഴിയൂ. 'മാനവികതയ്ക്കായി മതസൗഹാർദ്ദം' എന്ന ഇഷ്തിഖ്ലാൽ സംയുക്ത പ്രഖ്യാപനത്തിന്റെ (2024 സെപ്റ്റംബർ 5ന് ജെക്കാർത്തയിലെ ഇഷ്തിഖ്ലാൽ പള്ളിയിൽ ഗ്രാന്റ് ഇമാമിനൊപ്പം മാർപാപ്പ നടത്തിയത്) സന്ദേശം ഉൾക്കൊണ്ട് സഹകരിച്ചു പ്രവർത്തിക്കാൻ വിവിധ മതസ്ഥരായ നാം തയ്യാറാകണം. വിഭാഗിയത വെടിഞ്ഞ് പരസ്പര ബഹുമാനത്തോടെ, സഹോദര തുല്യമായ സമീപനത്തോടെ സഹകരിച്ചു പ്രവർത്തിക്കാൻ നമുക്കു കഴിയണം. സ്വാർത്ഥതയുടെ, വിഭാഗീയതയുടെ, അഭിപ്രായവ്യത്യാസത്തിന്റെ, അക്രമത്തിന്റെ സംസ്കാരത്തെ ഇങ്ങനെ നമുക്ക് ചെറുത്തു തോല്പിക്കാനാവും. അവനവന്റെ വിശ്വാസത്തിലും ബോധ്യങ്ങളിലും ഉറച്ചുനിന്ന് നമുക്കെല്ലാം പൊതുവായുള്ള അദ്ധ്യാത്മിക മൂല്യങ്ങളിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് മെച്ചപ്പെട്ടൊരു മനുഷ്യസമൂഹത്തിനായി നമുക്ക് ഒരുമിച്ച് സഞ്ചരിക്കാം, ഒരുമിച്ച് പ്രവർത്തിക്കാം.

പ്രിയ സുഹൃത്തുക്കളെ, മതപരമായ വിഭാഗീയത വെടിഞ്ഞ് ഈ സംവാദത്തിനെത്തിയ നിങ്ങൾക്കു പ്രത്യേകം നന്ദി പറയുന്നു. എന്റെ പ്രാർത്ഥന നിങ്ങൾക്ക് ഉറപ്പു തരുന്നു. ദയവായി നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെ കൂടി ഓർമിക്കുക.

*ശിവഗിരി മഠത്തിന്റെ ആഭിമുഖ്യത്തിൽ വത്തിക്കാനിൽ നടന്ന സർവ്വസമത സമ്മേളനത്തിൽ ഫ്രാൻസിസ് മാർ പാപ്പ നടത്തിയ പ്രസംഗം*



ADDRESS OF HIS HOLINESS POPE FRANCIS
TO PARTICIPANTS IN THE CONFERENCE COMMEMORATING
THE CENTENARY OF THE FIRST "ALL RELIGIONS' CONFERENCE"
ORGANIZED BY SREE NARAYANA GURU (1856-1928)






## പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 2025 ഏപ്രിൽ 27ന് രാവിലെ 11 മണിയ്ക്ക് ആകാശവാണിയിലൂടെ നടത്തിയ പ്രക്ഷേപണത്തിന്റെ മലയാള പരിഭാഷ

# മനസ്സ് പറയുന്നത്

121

**എന്റെ** പ്രിയപ്പെട്ട നാട്ടുകാരേ, നമസ്കാരം.

ഇന്ന് മൻ കി ബാത്തിനെക്കുറിച്ച് ഞാൻ നിങ്ങളോട് സംസാരിക്കുമ്പോൾ, എന്റെ ഹൃദയത്തിൽ ആഴത്തിലുള്ള വേദനയുണ്ട്. ഏപ്രിൽ 22 ന് പഹൽഗാമിൽ നടന്ന ഭീകരാക്രമണം രാജ്യത്തെ ഓരോ പൗരനെയും ദുഃഖത്തിലാഴ്ത്തി. ദുരിതബാധിതരുടെ കുടുംബങ്ങളോട് ഓരോ ഭാരതീയനും അഗാധമായ അനുതാപമുണ്ട്. ഏത് സംസ്ഥാനക്കാരനായാലും, ഏത് ഭാഷ സംസാരിച്ചാലും, ഈ ആക്രമണത്തിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവരുടെ വേദന അവർക്ക് അനുഭവപ്പെടുന്നുണ്ട്. ഭീകരാക്രമണത്തിന്റെ ചിത്രങ്ങൾ കാണുമ്പോൾ ഓരോ ഭാരതീയന്റെയും രക്തം തിളയ്ക്കുന്നതായി എനിക്ക് തോന്നുന്നു. പഹൽഗാമിലെ ഈ ആക്രമണം ഭീകരതയെ സ്പോൺസർ ചെയ്യുന്നവരുടെ നിരാശയും അവരുടെ ഭീരുത്വവുമാണ് കാണിക്കുന്നത്. കശ്മീരിൽ സമാധാനം തിരിച്ചുവന്ന സമയത്ത്, സ്കൂളുകളിലും കോളേജുകളിലും ഒരു ഉന്മേഷം ഉണ്ടായിരുന്നു, നിർമ്മാണ പ്രവർത്തനങ്ങൾ അഭൂതപൂർവമായ വേഗത കൈവരിച്ചു, ജനാധിപത്യം ശക്തമായിക്കൊണ്ടിരുന്നു, വിനോദസഞ്ചാരികളുടെ എണ്ണത്തിൽ റെക്കോർഡ് വർദ്ധനവുണ്ടായി, ജനങ്ങളുടെ വരുമാനത്തിലും വർദ്ധനവുണ്ടായി, യുവാക്കൾക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. രാജ്യത്തിന്റെ ശത്രുക്കൾക്ക്, ജമ്മു കശ്മീരിന്റെ ശത്രുക്കൾക്ക്, ഇത് ഇഷ്ടപ്പെട്ടില്ല. ഭീകരരും അവരുടെ യജമാനന്മാരും കശ്മീർ വീണ്ടും നശിപ്പിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നു, അതുകൊണ്ടാണ് ഇത്രയും വലിയ ഒരു ഗൂഢാലോചന നടന്നത്. ഭീകരതയ്ക്കെതിരായ ഈ യുദ്ധത്തിൽ നമ്മുടെ ഏറ്റവും വലിയ ശക്തിയാണ് രാജ്യത്തിന്റെ ഐക്യവും 140 കോടി ഭാരതീയരുടെ ഐക്യദാർഢ്യവും. ഭീകരതയ്ക്കെതിരായ നമ്മുടെ നിർണായക പോരാട്ടത്തിന്റെ അടിസ്ഥാനം ഈ ഐക്യമാണ്. രാജ്യം നേരിടുന്ന ഈ വെല്ലുവിളിയെ നേരിടാനുള്ള നമ്മുടെ ദൃഢനിശ്ചയം ശക്തിപ്പെടുത്തണം. ഒരു രാഷ്ട്രമെന്ന നിലയിൽ നാം ശക്തമായ ഇച്ഛാശക്തി പ്രകടിപ്പിക്കേണ്ടതുണ്ട്. ഇന്ന് ലോകം ഉറ്റുനോക്കുകയാണ്, ഈ ഭീകരാക്രമണത്തിനുശേഷം രാജ്യം മുഴുവൻ ഒരേ സ്വരത്തിൽ സംസാരിക്കുന്നു.

**ഇന്ന് മൻ കി ബാത്തിനെക്കുറിച്ച് ഞാൻ നിങ്ങളോട് സംസാരിക്കുമ്പോൾ, എന്റെ ഹൃദയത്തിൽ ആഴത്തിലുള്ള വേദനയുണ്ട്. ഏപ്രിൽ 22ന് പഹൽഗാമിൽ നടന്ന ഭീകരാക്രമണം രാജ്യത്തെ ഓരോ പൗരനെയും ദുഃഖത്തിലാഴ്ത്തി. ദുരിതബാധിതരുടെ കുടുംബങ്ങളോട് ഓരോ ഭാരതീയനും അഗാധമായ അനുതാപമുണ്ട്. ഏത് സംസ്ഥാനക്കാരനായാലും, ഏത് ഭാഷ സംസാരിച്ചാലും, ഈ ആക്രമണത്തിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവരുടെ വേദന അവർക്ക് അനുഭവപ്പെടുന്നുണ്ട്. ഭീകരാക്രമണത്തിന്റെ ചിത്രങ്ങൾ കാണുമ്പോൾ ഓരോ ഭാരതീയന്റെയും രക്തം തിളയ്ക്കുന്നതായി എനിക്ക് തോന്നുന്നു. പഹൽഗാമിലെ ഈ ആക്രമണം ഭീകരതയെ സ്പോൺസർ ചെയ്യുന്നവരുടെ നിരാശയും അവരുടെ ഭീരുത്വവുമാണ് കാണിക്കുന്നത്.**

സുഹൃത്തുക്കളേ,

ഭാരതീയർക്ക് ഈ വിഷയത്തിലുള്ള രോഷം ആഗോളതലത്തിലുമുണ്ട്. ഈ ഭീകരാക്രമണത്തിനുശേഷം, ലോകമെമ്പാടും നിന്ന് അനുശോചനങ്ങൾ തുടർച്ചയായി വന്നുകൊണ്ടേയിരിക്കുന്നു. ആഗോള നേതാക്കളും എന്നെ വിളിച്ചിട്ടുണ്ട്, കത്തുകൾ എഴുതിയിട്ടുണ്ട്, സന്ദേശങ്ങൾ അയച്ചിട്ടുണ്ട്. ഈ ഹീനമായ ഭീകരാക്രമണത്തെ എല്ലാവരും ശക്തമായി അപലപിച്ചു. മരിച്ചവരുടെ കുടുംബങ്ങളെ അനുശോചനം അറിയിച്ചു. ഭീകരതയ്ക്കെതിരായ നമ്മുടെ പോരാട്ടത്തിൽ ലോകം മുഴുവൻ 140 കോടി ഭാരതീയർക്കൊപ്പം നിലകൊള്ളുന്നു. ഇരകളുടെ കുടുംബങ്ങൾക്ക് നീതി ലഭിക്കുമെന്ന് ഞാൻ ഒരിക്കൽ കൂടി ഉറപ്പുനൽകുന്നു, തീർച്ചയായും നീതി നടപ്പാക്കപ്പെടും. ഈ ആക്രമണത്തിലെ കുറ്റവാളികൾക്കും ഗൂഢാലോചനക്കാർക്കും ഏറ്റവും കഠിനമായ മറുപടി നൽകും.

സുഹൃത്തുക്കളേ,

രണ്ട് ദിവസം മുമ്പ് നമ്മുടെ രാജ്യത്തെ മഹാനായ ശാസ്ത്രജ്ഞൻ ഡോ. കെ. കസ്തൂരിരംഗനെ നമുക്ക് നഷ്ടപ്പെട്ടു. കസ്തൂരിരംഗനെ ഞാൻ കാണുമ്പോഴെല്ലാം, ഭാരതത്തിലെ യുവാക്കളുടെ കഴിവുകൾ, ആധുനിക വിദ്യാഭ്യാസം, ബഹിരാകാശ ശാസ്ത്രം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഞങ്ങൾ ധാരാളം ചർച്ച ചെയ്യാറുണ്ടായിരുന്നു. ഭാരതത്തിന്റെ ശാസ്ത്രം, വിദ്യാഭ്യാസം, ബഹിരാകാശ പദ്ധതി എന്നിവയെ പുതിയ ഉയരങ്ങളിലേക്ക് കൊണ്ടുപോകുന്നതിൽ അദ്ദേഹത്തിന്റെ സംഭാവനകൾ എന്നും ഓർമ്മിക്കപ്പെടും. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഐ.എസ്.ആർ.ഒ.യ്ക്ക് ഒരു പുതിയ മുഖം ലഭിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പുരോഗമിച്ച ബഹിരാകാശ പദ്ധതികൾ ഭാരതത്തിന്റെ ശ്രമങ്ങൾക്ക് ആഗോള അംഗീകാരം നേടിത്തന്നു. ഭാരതം ഇന്ന് ഉപയോഗിക്കുന്ന പല ഉപഗ്രഹങ്ങളും ഡോ. കസ്തൂരിരംഗന്റെ മേൽനോട്ടത്തിലാണ് വിക്ഷേപിച്ചത്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ മറ്റൊരു പ്രത്യേകത കൂടി ഉണ്ടായിരുന്നു, അതിൽ നിന്ന് യുവതലമുറയ്ക്ക് പലതും പഠിക്കാൻ കഴിയും. അദ്ദേഹം എപ്പോഴും ഇന്നൊവേഷന് പ്രാധാന്യം നൽകി. പുതിയ എന്തെങ്കിലും പഠിക്കുക, അറിയുക, ചെയ്യുക എന്ന ദർശനം വളരെ പ്രചോദനകരമാണ്. രാജ്യത്തിന്റെ പുതിയ ദേശീയ വിദ്യാഭ്യാസ നയം തയ്യാറാക്കുന്നതിൽ ഡോ. കെ. കസ്തൂരിരംഗനും വലിയ പങ്കുവഹിച്ചു. 21ാം നൂറ്റാണ്ടിന്റെ ആധുനിക ആവശ്യങ്ങൾക്കനുസൃതമായി Forward Looking Education എന്ന ആശയം ഡോ. കസ്തൂരിരംഗൻ മുന്നോട്ടുവച്ചു. രാജ്യത്തിനായുള്ള അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനവും രാഷ്ട്രനിർമ്മാണത്തിനുള്ള അദ്ദേഹത്തിന്റെ സംഭാവനകളും എന്നും ഓർമ്മിക്കപ്പെടും. ഞാൻ ഡോ. കെ. കസ്തൂരിരംഗന് എന്റെ വിനീതമായ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രിയപ്പെട്ട നാട്ടുകാരേ,

ഈ ഏപ്രിൽ മാസം ആര്യഭട്ട ഉപഗ്രഹം വിക്ഷേപിച്ചതിന്റെ 50ാം വാർഷികമാണ്. ഇന്ന്, നമ്മൾ തിരിഞ്ഞുനോക്കുമ്പോൾ, 50 വർഷത്തെ ഈ യാത്ര ഓർക്കുമ്പോൾ, നമ്മൾ എത്ര ദൂരം പിന്നിട്ടിരിക്കുന്നുവെന്ന് നമുക്ക് മനസ്സിലാകും. ഭാരതത്തിന്റെ ബഹിരാകാശ സ്വപ്നങ്ങളുടെ പറക്കൽ അന്ന് കാലത്ത് ആത്മവിശ്വാസത്തിന്റെ അടിത്തറയിലാണ് ആരംഭിച്ചത്. രാജ്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് അഭിനിവേശമുള്ള ചില യുവ ശാസ്ത്രജ്ഞർക്ക് ഇന്നത്തെപ്പോലെ ആധുനിക വിഭവങ്ങളോ ലോകത്തിന്റെ സാങ്കേതികവിദ്യയോ ഇല്ലായിരുന്നു എന്തെങ്കിലും ഉണ്ടെങ്കിൽ അത് കഴിവ്, സമർപ്പണം, കഠിനാധ്വാനം, രാജ്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാനുള്ള അഭിനിവേശം എന്നിവയായിരുന്നു. കാളവണ്ടികളിലും സൈക്കിളുകളിലും നിർണായക ഉപകരണങ്ങൾ വഹിച്ചുകൊണ്ട് പോകുന്ന നമ്മുടെ ശാസ്ത്രജ്ഞരുടെ ചിത്രങ്ങളും നിങ്ങൾ കണ്ടിട്ടുണ്ടാകും. രാഷ്ട്രത്തോടുള്ള ആ സമർപ്പണവും സേവന മനോഭാവവും കാരണമാണ് ഇന്ന് ഇത്രയധികം മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നത്. ഇന്ന് ഭാരതം ഒരു ആഗോള ബഹിരാകാശ ശക്തിയായി മാറിയിരിക്കുന്നു. 104 ഉപഗ്രഹങ്ങൾ ഒരേസമയം വിക്ഷേപിച്ചുകൊണ്ട് നമ്മൾ ഒരു റെക്കോർഡ് സൃഷ്ടിച്ചു. ചന്ദ്രന്റെ ദക്ഷിണധ്രുവത്തിലെത്തുന്ന ആദ്യ രാജ്യമായി നമ്മൾ മാറിയിരിക്കുന്നു. ഭാരതം ചൊവ്വ ഭ്രമണപഥ ദൗത്യം വിക്ഷേപിച്ചു, ആദിത്യഎൽ1 ദൗത്യത്തിലൂടെ നമ്മൾ സൂര്യന് വളരെ അടുത്തെത്തി. ഇന്ന് ലോകത്തിലെ ഏറ്റവും ചെലവ് കുറഞ്ഞതും എന്നാൽ വിജയകരവുമായ ബഹിരാകാശ പദ്ധതിക്ക് ഭാരതം നേതൃത്വം നൽകുന്നു. ലോകത്തിലെ പല രാജ്യങ്ങളും അവരുടെ ഉപഗ്രഹങ്ങൾക്കും ബഹിരാകാശ ദൗത്യങ്ങൾക്കും ഐ.എസ്.ആർ.ഒ.യുടെ സഹായം തേടുന്നു.

സുഹൃത്തുക്കളേ,

ഐ.എസ്.ആർ.ഒ. ഉപഗ്രഹം വിക്ഷേപിക്കുന്നത് കാണുമ്പോൾ നമുക്ക് അഭിമാനം തോന്നും. 2014ൽ പി.എസ്.എൽ.വിസി23 വിക്ഷേപണം കണ്ടപ്പോഴും എനിക്ക് സമാനമായ ഒരു തോന്നൽ ഉണ്ടായി. 2019ൽ ചന്ദ്രയാൻ2 ലാൻഡിംഗ് സമയത്ത് പോലും ഞാൻ ബെംഗളൂരുവിലെ ഐ. എസ്.ആർ.ഒ സെന്ററിൽ ഉണ്ടായിരുന്നു. ആ സമയത്ത് ചന്ദ്രയാന് പ്രതീക്ഷിച്ച വിജയം ലഭിച്ചില്ല, ശാസ്ത്രജ്ഞർക്ക് അത് വളരെ ബുദ്ധിമുട്ടുള്ള സമയമായിരുന്നു. പക്ഷേ, ശാസ്ത്രജ്ഞരുടെ ക്ഷമയും വിജയം നേടാനുള്ള അവരുടെ തീക്ഷ്ണതയും ഞാൻ എന്റെ കണ്ണുകളാൽ കാണുന്നുണ്ടായിരുന്നു. കുറച്ച് വർഷങ്ങൾക്ക് ശേഷം, അതേ ശാസ്ത്രജ്ഞർ ചന്ദ്രയാൻ 3 വിജയകരമാക്കിയത് ലോകം മുഴുവൻ കണ്ടു.

സുഹൃത്തുക്കളേ,

ഇപ്പോൾ ഭാരതം അതിന്റെ ബഹിരാകാശ മേഖല സ്വകാര്യ മേഖലയ്ക്കും തുറന്നുകൊടുത്തിരിക്കുന്നു. ഇന്ന് നിരവധി യുവാക്കൾ സ്പേസ് സ്റ്റാർട്ടപ്പിൽ വെന്നിക്കൊടി പാറിക്കുന്നുണ്ട്. പത്ത് വർഷം മുമ്പ് ഈ മേഖലയിൽ ഒരു കമ്പനി മാത്രമേ ഉണ്ടായിരുന്നുള്ളൂ, എന്നാൽ ഇന്ന് രാജ്യത്ത് 325ലധികം സ്പേസ് സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വരാനിരിക്കുന്ന കാലം ബഹിരാകാശത്ത് നിരവധി പുതിയ സാധ്യതകൾ കൊണ്ടുവരും. ഭാരതം പുതിയ ഉയരങ്ങൾ കീഴടക്കാൻ പോകുന്നു. ഗഗൻയാൻ, സ്പാഡെക്സ്, ചന്ദ്രയാൻ 4 തുടങ്ങിയ നിരവധി സുപ്രധാന ദൗത്യങ്ങളുമായി രാജ്യം തിരക്കിലാണ്. വീനസ് ഓർബിറ്റർ മിഷനിലും മാർസ് ലാൻഡർ മിഷനിലും ഞങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ ബഹിരാകാശ ശാസ്ത്രജ്ഞർ അവരുടെ നൂതനാശയങ്ങൾ കൊണ്ട് നാട്ടുകാർക്ക് അഭിമാനം പകരാൻ പോകുന്നു.

സുഹൃത്തുക്കളേ,

കഴിഞ്ഞ മാസം മ്യാൻമറിൽ ഉണ്ടായ ഭൂകമ്പത്തിന്റെ ഭയാനകമായ ചിത്രങ്ങൾ നിങ്ങൾ തീർച്ചയായും കണ്ടിട്ടുണ്ടാകും. ഭൂകമ്പം അവിടെ വലിയ നാശം വിതച്ചു; അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയ ആളുകൾക്ക് ഓരോ ശ്വാസവും, ഓരോ നിമിഷവും വിലപ്പെട്ടതായിരുന്നു. അതുകൊണ്ടാണ് മ്യാൻമറിലെ നമ്മുടെ സഹോദരീ സഹോദരന്മാർക്കായി ഭാരതം

➲5

## കോടതിക്കഥകൾ - 26

# വക്കീലാണോ? ഗുമസ്തു താലി ചാർത്തണം



അഡ്വ.വർഗീസ് പി. തോമസ്

**സ്ഥ**ലം, ഹൈക്കോടതി ബാർ അസോസിയേഷൻ. നേരം നട്ടുച്ച. സീനിയർ വക്കീൽ  സ്വാമി, മുതിർന്ന ഗുമസ്തൻ നീലകണ്ഠനെ പ്രതീക്ഷിച്ച് ഇരിക്കുന്നു. ഇരുന്ന കസേരയിൽനിന്ന് ഇടയ്ക്കിടെ എണീറ്റ് വാതിൽപ്പടിയിൽ ചെന്ന് പുറത്തേക്ക് എത്തിനോക്കും.

"സ്വാമി, എന്താ അക്ഷമനായി ഇരിക്കുന്നതും നടക്കുന്നതും?"

ശ്രദ്ധിച്ച കൂട്ടുകാരിൽ ഒരുവനായ വക്കീൽ ജോസഫ് ചോദിച്ചു.

"എടോ, എനിക്ക് ഇന്ന് ഒന്നരയാകുമ്പോൾ അൻപതിനായിരം രൂപ ഒരാൾക്ക് എത്തിക്കണം. ഗുമസ്തൻ വരാൻ പറഞ്ഞിട്ട് അരമണിക്കൂർ കഴിഞ്ഞു, കാണുന്നില്ല."

സ്വാമി പറഞ്ഞുതീർന്നില്ല, നീലകണ്ഠൻ ധൃതിയിൽ വരുന്നതു കണ്ട് വക്കീൽ ജോസഫ്  പറഞ്ഞു:

"ദാ, നീലകണ്ഠൻ സ്പീഡിൽ വരുന്നുണ്ട്."

അയാൾ എത്തിയ ഉടൻതന്നെ സ്വാമി ആവശ്യപ്പെട്ടു:

"എടോ, ആ ചെക്ക് ലീഫ് തന്റെ കൈയിൽ ഇല്ലേ, ഒരു ലീഫ് ഇങ്ങു താ. ബാങ്കീന്ന് രൂപ എടുക്കണ്ടേ?. ഒന്നരയ്ക്കു മുൻപ് രൂപ പറഞ്ഞാൾക്ക് എത്തിക്കണം. വാക്കു കൊടുത്തതാ."

ഗുമസ്തൻ കൈയിലുള്ള വലിയ ഡയറി വിടർത്തി, നടുക്കുനിന്നും ചെക്ക് ബുക്ക് എടുത്തു. ഒരു ലീഫ് കീറിയശേഷം സ്വാമിക്കു നേരെ നീട്ടി. സ്വാമി അതിൽ അൻപതിനായിരം രൂപ അക്കത്തിലും അക്ഷരത്തിലും, അന്നത്തെ തീയതിയും കുറിച്ച് ഒപ്പിട്ടു. മാറിക്കൊണ്ടുവരാൻ ആവശ്യപ്പെട്ട് ചെക്ക് തിരികെ  ഏല്പിച്ചു.

"അയ്യോ! വക്കീലദ്ദേഹം! ഇപ്പോൾത്തന്നെ പന്ത്രണ്ടരയായി. അങ്ങ് അർജന്റായി മൂവ് ചെയ്യാൻ മെൻഷൻ ചെയ്ത കേസ്, വൺ ഫോർട്ടിഫൈവിനു ബഞ്ചിൽ എത്തിക്കണം. ഞാൻ ഓരോ സെക് ഷനിലും ഓടിനടക്കുകയാ. നമ്മുടെ ഓഫിസിലെ പയ്യൻ  ചന്ദ്രനെ ഏല്പിക്കാം."

"ആട്ട്, എത്രയും പെട്ടെന്ന് അവനെ ബാങ്കിൽ അയച്ച്, തുക കൈപ്പറ്റി എന്നെ ഏല്പിക്കാൻ പറ. ഞാനിവിടെത്തന്നെ ഇരിക്കാം."

ഉടൻതന്നെ നീലകണ്ഠൻ, ചന്ദ്രനെ മൊബൈലിൽ വിളിച്ചു:

"ചന്ദ്രൻ! നീ എത്രയും പെട്ടെന്ന് ബാർ അസോസിയേഷനിൽ വന്നേ. ബ്രോഡ്‌വേയിലെ നമ്മുടെ ബാങ്കിൽ പോയി ചെക്ക് മാറി സ്വാമിയദ്ദേഹത്തെ കാഷ് ഏല്പിക്കണം."

ചന്ദ്രൻ എത്താൻ ഒട്ടും താമസിച്ചില്ല. ചെക്ക് നീലകണ്ഠനിൽനിന്നും വാങ്ങി, സ്വന്തം മോട്ടോർ ബൈക്കിൽ ബ്രോഡ്‌വേയിലേക്കു പാഞ്ഞു. ഒന്നാം നിലയിലെ ദേശസാൽകൃത ബാങ്കിന്റെ ഓഫീസിൽ എത്തി. ഉടൻതന്നെ കാഷ് കൗണ്ടറിലെ ലേഡിയുടെ മുൻപിലെ കിളിക്കൂട്ടിൽ കൂടി ചെക്ക് നീട്ടി. അവർ സ്വീകരിച്ച് മറിച്ചും തിരിച്ചും നോക്കി. ചെക്കിന്റെ മറുപുറത്ത് ചന്ദ്രൻ ഒപ്പുപതിക്കാൻ തിരികെ കൊടുത്തു. ചന്ദ്രൻ ഒപ്പിട്ടു. അതു ക്ലർക്ക് തിരികെ വാങ്ങി. കംപ്യൂട്ടറിൽ ചെക്കിലെ വിവരങ്ങൾ ലഭിക്കാൻ അവർ പാഡിൽ വിരലുകൾ അമർത്തി. അല്പനേരം കഴിഞ്ഞ് ചന്ദ്രന്റെ മുഖത്തേക്കും കംപ്യൂട്ടറിലേക്കും സംശയത്തോടെ പലതവണ വീക്ഷിച്ചു; അതിനുശേഷം ചന്ദ്രനോട് ചോദിച്ചു:

"നിങ്ങൾക്ക് ഈ ചെക്ക് തന്നത് ആരാ?"

"അത് വക്കീലദ്ദേഹം." ചന്ദ്രൻ മറുപടി നൽകി.

"നിങ്ങൾ വക്കീലിന്റെ ആരാ?"

"ഞാൻ അദ്ദേഹത്തിന്റെ ഗുമസ്തനാണ്"

"ഐഡന്റിറ്റി കാർഡ് ഉണ്ടോ?" ബാങ്കിലെ ക്ലർക്ക് സംശയനിവാരണത്തിനു ചോദിച്ചു.

"ഐഡന്റിറ്റി കാർഡ്  ഇപ്പോൾ എടുത്തിട്ടില്ല. എന്തു പറ്റി മാഡം? ഒന്നു പറയാമോ?"

ചന്ദ്രൻ നിസ്സഹായനായി ആവശ്യപ്പെട്ടു.

"എടോ ഈ ചെക്ക് ലീഫിലെ ഒപ്പും ഇവിടെ അക്കൗണ്ട് തുടങ്ങിയപ്പോൾ ഇട്ട ഒപ്പും തമ്മിൽ ഒരു സാമ്യവുമില്ല. താനിവിടെ അല്പനേരം നിൽക്ക്. ഞാൻ മാനേജരോട്, ഒന്നനുവാദം വാങ്ങീട്ടു  വരാം."

ഇത്രയും അറിയിച്ച ശേഷം അടുത്തുള്ള മാനേജരുടെ ക്യാബിനിലേക്കു കയറി. എന്തൊക്കെയോ തമ്മിൽ സംസാരിച്ചു. അൽപസമയത്തിനുള്ളിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥനെ അകത്തേക്കു വിളിച്ച് സ്വകാര്യം പറഞ്ഞു. അതനുസരിച്ച് അയാൾ പുറത്തു വന്ന് ഗുമസ്തൻ ചന്ദ്രന്റെ അടുത്തെത്തി, നിരീക്ഷിക്കുവാൻ തുടങ്ങി. പന്തികേടു തോന്നിയ ഗുമസ്തൻ ചന്ദ്രൻ ഫോണിൽ സീനിയർ ഗുമസ്തൻ നീലകണ്ഠനെ വിളിച്ച് ഇവിടെ നടക്കുന്ന പുകിലുകൾ അറിയിച്ചു. നീലകണ്ഠൻ ഉടനടി ഓട്ടോറിക്ഷ പിടിച്ച് ബാങ്കിലെത്തി, ബാങ്ക് മാനേജരുടെ ക്യാബിനിൽ ചെന്നു സ്വയം പരിചയപ്പെടുത്തി:

"സാർ, ഞാൻ സീനിയർ വക്കീൽ സ്വാമീടെ ഗുമസ്തൻ നീലകണ്ഠൻ. അദ്ദേഹത്തിന്റെ ജൂനിയർ ക്ലർക്കാ ചെക്ക് കൊണ്ടുവന്നത്. സ്വാമി വക്കീൽ ഒപ്പിട്ട ചെക്കാണ്."

"ഈ ചെക്കിൽ ഒപ്പിട്ടത് അദ്ദേഹമാണെന്ന് ഇവിടെ വന്ന് ഞങ്ങളെ ബോധ്യപ്പെടുത്തണം. അല്ലാതെ തുക കൈമാറി തരില്ല. പതിനഞ്ചുകൊല്ലമായി അക്കൗണ്ടിൽ ഇടപാടു നടക്കുന്നുണ്ട്." മാനേജർ നിർബന്ധംകാട്ടി പറഞ്ഞു.

"എങ്കിൽ അദ്ദേഹത്തെ വിളിച്ചോണ്ടുവരാം. അതുവരെ ക്ഷമിക്കണം. നിങ്ങടെ ബാങ്കിന്റെ വക്കീലാണ് അദ്ദേഹം."

**കക്ഷികൾ വന്ന് ഒപ്പിടാൻ കാലതാമസം നേരിടുന്ന ഹർജികളിൽ വക്കീലിന്റെ സാമീപ്യമില്ലാത്തപ്പോഴും, കാലതാമസം ഒഴിവാക്കാൻ, ഗുമസ്ഥൻ കക്ഷിയുടെയും വക്കീലിന്റെയും ഒപ്പ് സ്വയം ഇട്ട് ഹാജരാക്കുന്ന രഹസ്യമായ പരസ്യവും ഈ തൊഴിലിലെ അനുവദനീയമായ മൗനാനുവാദങ്ങളാണ്.**

**ഇങ്ങനെ കണക്കുകൂട്ടിയാൽ, എല്ലാ കോടതി കോംപ്ലെക്സുകളിലും അന്നും ഇന്നും ദിവസേന  ഗുമസ്തമാർ ആയിരക്കണക്കിന് ഒപ്പുകൾ വരയ്ക്കാറുണ്ട്. അത് മറ്റൊരർഥത്തിൽ പറഞ്ഞാൽ കള്ള ഒപ്പെന്നു പറയാം. ക്രിമിനലായും സിവിലായും പ്രതിയാകുന്ന ഏർപ്പാടാണ്. പക്ഷേ കക്ഷികൾക്കുവേണ്ടി, അഭിഭാഷകർക്കുവേണ്ടി, സ്വയമേ ആഗ്രഹിക്കുന്നില്ലെങ്കിലും അവർ ഇതൊക്കെ ചെയ്തുപോകുന്നു, അല്ലാതെ മറ്റു നിവൃത്തിയില്ല.**

"അല്പനേരം ഒന്നു നിൽക്ക്. അദ്ദേഹത്തെ ഒന്നു വിളിക്കട്ടെ.  ഞങ്ങളുടെ വക്കീലുകൂടിയല്ലേ?" മാനേജർക്ക് ഒരു പുനർചിന്തനം തോന്നി നീലകണ്ഠനെ സമാധാനപ്പെടുത്തി.

മാനേജർ സ്വാമിയുമായി ബന്ധപ്പെട്ടു കാര്യങ്ങൾ ശരിയാണെന്നു മനസ്സിലാക്കി, കാഷ്യറോടു തുക നൽകാൻ നിർദേശിച്ചു. നീലകണ്ഠനും ചന്ദ്രനും തുകയുമായി സ്വാമിക്കരികിലെത്തി കൈമാറി.

"എടോ നീലകണ്ഠാ! ആ ബാങ്കുകാർക്ക് എന്തു പറ്റി?" സ്വാമി അന്വേഷിച്ചു.

"സ്വാമീ അവർക്കല്ല തെറ്റു പറ്റിയത്. ആ ബാങ്കിലെ അക്കൗണ്ടിൽനിന്ന് കാഷ് എടുക്കാൻ എപ്പോഴും പോകുന്നത് ഞാനല്ലേ. സ്വാമിയുടെ ഒപ്പ് ചെക്കിൽ സ്ഥിരമായി  ഇടുന്നതും ഞാനല്ലെ? അക്കൗണ്ട് തുടങ്ങിയിട്ട് പതിനഞ്ചുകൊല്ലമായി. അന്നു സ്വാമി ഇട്ടുകൊടുത്തപോലെ ഇപ്പോഴും ഒരു വ്യത്യാസവും ഇല്ലാതെയാ ഞാൻ ഒപ്പുവരയ്ക്കുന്നത്. സ്വാമി ഇപ്പോൾ ഒപ്പിട്ടപ്പോൾ, വലിയ വ്യത്യാസം വന്നുകാണും."

"ശരിയാണെടോ! നമുക്കാ തെറ്റു പറ്റിയത്." സ്വാമി മറുപടി പറഞ്ഞു.

ഈ കഥയിൽ യഥാർഥ കഥാപാത്രം സീനിയർ ഗുമസ്തനാണ്. നിരന്തരമായി വക്കീലിനുവേണ്ടി തുക എഴുതാനും ഒപ്പിടുവാനുമുള്ള മൗനാനുവാദം വക്കീൽ നൽകിയിരുന്നതു വിശ്വസ്തതയുടെ പ്രതീകമായയാണ്. ആ ബന്ധം അവിടെയും ഇവിടെയും അന്യം നിൽക്കാതെ പോകുന്നു എന്നത് ഒരാശ്വാസമാണ്.

ഈ സ്വാമി ഒരു എൻറോൾമെന്റ് സമയത്ത്  യുവ അഭിഭാഷകനോട് സംസാരിച്ചതിങ്ങനെ: "വക്കീൽ തൊഴിൽ പരിപാവനമായ തൊഴിലാണ്. അതുപോലെതന്നെ ഗുമസ്തന്റേയും. പതിവ്രതയെപ്പോലെ ഗുമസ്തൻ വക്കീലിനോടു പെരുമാറണം. ഗുമസ്തൻ പ്രതീകാത്മകമായി വക്കീലിന്റെ രണ്ടാം ഭാര്യയാണ്. സ്വന്തം ഭാര്യയോടുപോലും പറയാത്ത രഹസ്യങ്ങൾ വിശ്വസ്തനായ ഗുമസ്തനോടു പറയും. കൂടെക്കിടക്കുന്നവനല്ലെ രാപ്പനി അറിയുകയുള്ളു. അവർ ഇരുവരും ഒരു ശരീരമാണ്.

ഒരഭിഭാഷകന്റെ വിജയത്തിൽ പകുതി അംശത്തിന് ഗുമസ്തൻ യോഗ്യനും അർഹതയുള്ളവനുമാണ്. ചെറുപ്പക്കാരായ അഭിഭാഷകരുടെ കൂടെ പ്രായമായ ഗുമസ്തൻ ഉണ്ടെങ്കിൽ ഒരു പിതാവിന്റെ സ്നേഹവും വാത്സല്യവും നൽകി അവരെ കൈപിടിച്ചുയർത്തിയ അനേകം ദൃഷ്ടാന്തങ്ങളുണ്ട്.

വക്കീലന്മാർ കോടതിയിൽ വാദം പറയുമ്പോൾ പുറകിൽനിന്നവർ ശ്രദ്ധിച്ചു കേൾക്കും. അപ്പോൾ ചില പ്രധാന കാര്യങ്ങൾ ചെറുതായി കൈപ്പടയിൽ കുറിച്ചുവച്ച് ഓരോന്നും വക്കീലിനെ കോടതിയുടെ ഡെക്കോറത്തിന് കളങ്കം ചാർത്താതെ ഓർമിപ്പിക്കുന്നതു നിത്യസംഭവമായിരുന്നു. കോടതികളിൽ കേസ് വിളിക്കുന്നതിനു മുൻപ് ഒരു തോളിൽ കേസുകെട്ടുകളും മറുതോളിൽ നിയമപുസ്തകങ്ങളും ചുമന്നുകൊണ്ട്, ശരണംവിളിക്കാതെ കോടതിയിലേക്കുള്ള അവരുടെ കാനനയാത്ര ഓർമയിൽനിന്നു മാറുന്നില്ല.

കക്ഷികൾ വന്ന് ഒപ്പിടാൻ കാലതാമസം നേരിടുന്ന ഹർജികളിൽ വക്കീലിന്റെ സാമീപ്യമില്ലാത്തപ്പോഴും, കാലതാമസം ഒഴിവാക്കാൻ, ഗുമസ്ഥൻ കക്ഷിയുടെയും വക്കീലിന്റെയും ഒപ്പ് സ്വയം ഇട്ട് ഹാജരാക്കുന്ന രഹസ്യമായ പരസ്യവും ഈ തൊഴിലിലെ അനുവദനീയമായ മൗനാനുവാദങ്ങളാണ്.

ഇങ്ങനെ കണക്കുകൂട്ടിയാൽ, എല്ലാ കോടതി കോംപ്ലെക്സുകളിലും അന്നും ഇന്നും ദിവസേന  ഗുമസ്തമാർ ആയിരക്കണക്കിന് ഒപ്പുകൾ വരയ്ക്കാറുണ്ട്. അത് മറ്റൊരർഥത്തിൽ പറഞ്ഞാൽ കള്ള ഒപ്പെന്നു പറയാം. ക്രിമിനലായും സിവിലായും പ്രതിയാകുന്ന ഏർപ്പാടാണ്. പക്ഷേ കക്ഷികൾക്കുവേണ്ടി, അഭിഭാഷകർക്കുവേണ്ടി, സ്വയമേ ആഗ്രഹിക്കുന്നില്ലെങ്കിലും അവർ ഇതൊക്കെ ചെയ്തുപോകുന്നു, അല്ലാതെ മറ്റു നിവൃത്തിയില്ല.

നീതിന്യായ വ്യവസ്ഥിതി സുഗമമായി നീങ്ങണമെങ്കിൽ ഗുമസ്തൻ പകരക്കാരനായി ഇടുന്ന ഒപ്പുകൾ ഇല്ലാതെ പറ്റില്ല. വിശ്വസ്തതയുടെ ഭാഗമായതിനാൽ അതൊന്നും ചോദ്യം ചെയ്യപ്പെടുന്നില്ലെന്നതു സത്യം. ഫോറൻസിക് എക്സ്പർട്ടിന്റെ പരിശോധനയ്ക്ക് അയച്ചാൽ എല്ലാ ഒപ്പുകളും സംശയത്തിന്റെ നിഴലിലാകും. ഏതെങ്കിലുമൊരു ഹൈക്കോടതി ജഡ്ജി ഭരണഘടനയുടെ 226-ം 227-ം വകുപ്പുകളിലൂടെ ലഭിച്ച അധികാരം ഉപയോഗിച്ച് മിക്ക ഒപ്പുകളുടെയും നിജസ്ഥിതിയിൽ സംശയം തോന്നി, ആവേശം കാണിച്ച് പരിശോധനയ്ക്ക് അയയ്ക്കാൻ, നിർദേശം നൽകിയാൽ, ഉത്തരവിടുന്ന ജഡ്ജി തനി മലയാളത്തിൽ, എന്റെ ഭാഷയിൽ പറഞ്ഞാൽ മണ്ടനീയനായിത്തീരും."

മണ്ടനീയൻ അർത്ഥം: സ്വയം മണ്ടനായിത്തീരുക

*രാഷ്ട്രപതി പദം എനിക്കൊരു വെല്ലുവിളിയായിരുന്നു. പാർലമെന്റ് അംഗങ്ങൾ, ഭരണകർത്താക്കൾ, കലാകാരന്മാർ, എഴുത്തുകാർ, രാജ്യത്തെ യുവാക്കൾ തുടങ്ങിയ സകലപൗരന്മാരുടെയും സഹകരണത്തിലൂടെ മാത്രമെ ഇത് സഫലമാകുകയുള്ളന്നുതന്നെയായിരുന്നു എന്റെ വിശ്വാസം. മുഖാമുഖമുള്ള ചർച്ചകളിലൂടെ മാത്രമെ മറ്റുള്ളവരെ ഈ ആശയത്തെക്കുറിച്ച് ബോധവാന്മാരുക്കുവാനാവൂ. ഇത് അവരുടെ നിലപാടുകളും അഭിപ്രായവും മനസ്സിലാക്കുന്നതിനു സഹായിക്കും.*

*ഇതിനുള്ള മഹത്തായ ഒരുവസരമാണ് രാഷ്ട്രപതിയിലൂടെ എനിക്കു ലഭിച്ചത്.* - അബ്ദുൾ കലാം.




ഉടൻ തന്നെ ഓപ്പറേഷൻ ബ്രഹ്മ ആരംഭിച്ചത്. വ്യോമസേനയുടെ വിമാനങ്ങൾ മുതൽ നാവികസേനയുടെ കപ്പലുകൾ വരെ എല്ലാം മ്യാൻമറിനെ സഹായിക്കാൻ അയച്ചു. അവിടെ ഭാരത സംഘം ഒരു ഫീൽഡ് ആശുപത്രി തയ്യാറാക്കി. സുപ്രധാന കെട്ടിടങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്താൻ എഞ്ചിനീയർമാരുടെ ഒരു സംഘം സഹായിച്ചു. ഭാരതത്തിൽ നിന്നുള്ള സംഘം അവിടെ പുതപ്പുകൾ, ടെന്റുകൾ, സ്ലീപ്പിംഗ് ബാഗുകൾ, മരുന്നുകൾ, ഭക്ഷണ സാധനങ്ങൾ തുടങ്ങി നിരവധി സാധനങ്ങൾ എത്തിച്ചു. ഈ സമയത്ത്, ഈ ടീമിന് അവിടെയുള്ള ആളുകളിൽ നിന്ന് ധാരാളം പ്രശംസ ലഭിച്ചു.

സുഹൃത്തുക്കളേ,

ഈ പ്രതിസന്ധി ഘട്ടത്തിൽ ധൈര്യത്തിന്റെയും ക്ഷമയുടെയും ജ്ഞാനത്തിന്റെയും ഹൃദയസ്പർശിയായ നിരവധി ഉദാഹരണങ്ങൾ വെളിച്ചത്തുവന്നു. 18 മണിക്കൂറോളം അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയ 70 വയസ്സിനു മുകളിൽ പ്രായമുള്ള ഒരു വൃദ്ധയെ ഭാരതത്തിന്റെ ടീം രക്ഷപ്പെടുത്തി. ഇപ്പോൾ ടിവിയിൽ മൻ കി ബാത്ത്കാണുന്നവർക്ക് ആ വൃദ്ധയുടെ മുഖവും കാണുന്നുണ്ടാകണം. അവർക്ക് ഓക്സിജന്റെ അളവ് സ്ഥിരപ്പെടുത്തുന്നത് മുതൽ പരിക്കുകൾ ചികിത്സിക്കുന്നതുവരെ സാധ്യമായ എല്ലാ ചികിത്സകളും ഭാരതത്തിൽ നിന്നുള്ള സംഘം നൽകി. ഈ വൃദ്ധയെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്ത പ്പോൾ, അവർ ഞങ്ങളുടെ ടീമിന് അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തി. ഭാരത രക്ഷാസംഘം കാരണമാണ് തനിക്ക് പുതുജീവൻ ലഭിച്ചതെന്ന് അവർ പറഞ്ഞു. ഭാരത രക്ഷാസംഘം കാരണമാണ് തങ്ങളുടെ സുഹൃത്തുക്കളെയും ബന്ധുക്കളെയും കണ്ടെത്താൻ കഴിഞ്ഞതെന്ന് പലരും ഞങ്ങളുടെ ടീമിനോട് പറഞ്ഞു.

> **18 മണിക്കൂറോളം അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയ 70 വയസ്സിനു മുകളിൽ പ്രായമുള്ള ഒരു വൃദ്ധയെ ഭാരതത്തിന്റെ ടീം രക്ഷപ്പെടുത്തി. ഇപ്പോൾ ടിവിയിൽ മൻ കി ബാത്ത്കാണുന്നവർക്ക് ആ വൃദ്ധയുടെ മുഖവും കാണുന്നുണ്ടാകണം. അവർക്ക് ഓക്സിജന്റെ അളവ് സ്ഥിരപ്പെടുത്തുന്നത് മുതൽ പരിക്കുകൾ ചികിത്സിക്കുന്നതുവരെ സാധ്യമായ എല്ലാ ചികിത്സകളും ഭാരതത്തിൽ നിന്നുള്ള സംഘം നൽകി. ഈ വൃദ്ധയെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തപ്പോൾ, അവർ ഞങ്ങളുടെ ടീമിന് അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തി. ഭാരത രക്ഷാസംഘം കാരണമാണ് തനിക്ക് പുതുജീവൻ ലഭിച്ചതെന്ന് അവർ പറഞ്ഞു.**

സുഹൃത്തുക്കളേ,

ഭൂകമ്പത്തിനുശേഷം, മ്യാൻമറിലെ മാണ്ഡലയിലുള്ള ഒരു ആശ്രമത്തിൽ നിരവധി ആളുകൾ കുടുങ്ങിക്കിടക്കുന്നുണ്ട് എന്നൊരു ആശങ്കയുണ്ടായിരുന്നു. ഞങ്ങളുടെ സഹപ്രവർത്തകർ ഇവിടെ ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങൾ നടത്തി, അതുവഴി ബുദ്ധ സന്യാസിമാരിൽ നിന്ന് അവർക്ക് ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചു. ഓപ്പറേഷൻ ബ്രഹ്മയിൽ പങ്കെടുത്ത എല്ലാവരിലും ഞങ്ങൾക്ക് വളരെ അഭിമാനമുണ്ട്. നമുക്ക് നമ്മുടെ പാരമ്പര്യമുണ്ട്, നമ്മുടെ മൂല്യങ്ങളുണ്ട്, വസുധൈവ കുടുംബകംലോകം മുഴുവൻ ഒരു കുടുംബമാണ് എന്ന വികാരമുണ്ട്. പ്രതിസന്ധി ഘട്ടങ്ങളിൽ ലോക സുഹൃത്തെന്ന നിലയിൽ ഭാരതത്തിന്റെ സന്നദ്ധതയും മാനവികതയോടുള്ള ഭാരതത്തിന്റെ പ്രതിബദ്ധതയും നമ്മുടെ മുഖമുദ്രയായി മാറുകയാണ്.

സുഹൃത്തുക്കളേ,

ആഫ്രിക്കയിലെ എത്യോപ്യയിലെ പ്രവാസിഭാരതീയരുടെ നൂതനമായ ഒരു ശ്രമത്തെക്കുറിച്ച് എനിക്ക് അറിയാൻ കഴിഞ്ഞു. എത്യോപ്യയിൽ താമസിക്കുന്ന ഭാരതീയർ, ജനനം മുതൽ ഹൃദ്രോഗം ബാധിച്ച കുട്ടികളെ ചികിത്സയ്ക്കായി ഭാരതത്തിലേക്ക് അയയ്ക്കാൻ മുൻകൈയെടുത്തു. ഭാരതീയ കുടുംബങ്ങൾ അത്തരം നിരവധി കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. പണത്തിന്റെ അഭാവം മൂലം ഒരു കുട്ടിയുടെ കുടുംബത്തിന് ഭാരതത്തിലേക്ക് വരാൻ കഴിയുന്നില്ലെങ്കിൽ, അതിനുള്ള ക്രമീകരണങ്ങളും നമ്മുടെ പ്രവാസി സഹോദരീ സഹോദരന്മാർ ചെയ്യുന്നുണ്ട്. ഗുരുതരമായ രോഗത്താൽ ബുദ്ധിമുട്ടുന്ന എത്യോപ്യയിലെ എല്ലാ ദരിദ്രരായ കുട്ടികൾക്കും മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാണ് ഈ ശ്രമം. പ്രവാസിഭാരതീയരുടെ ഈ മഹത്തായ പ്രവർത്തനത്തിന് എത്യോപ്യയിൽ വലിയ പ്രശംസ ലഭിക്കുന്നു. ഭാരതത്തിലെ മെഡിക്കൽ സൗകര്യങ്ങൾ തുടർച്ചയായി മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് നിങ്ങൾക്കറിയാം. മറ്റ് രാജ്യങ്ങളിലെ പൗരന്മാരും ഇത് പ്രയോജനപ്പെടുത്തുന്നുണ്ട്.

സുഹൃത്തുക്കളെ,

കുറച്ചു ദിവസങ്ങൾക്ക് മുമ്പ്, ഭാരതവും അഫ്ഗാനിസ്ഥാനിലെ ജനങ്ങൾക്ക് വലിയ അളവിൽ വാക്സിൻ അയച്ചിരുന്നു. റാബിസ്, ടെറ്റനസ്, ഹെപ്പറ്റൈറ്റിസ് ബി, ഇൻഫ്ളുവൻസ തുടങ്ങിയ അപകടകരമായ രോഗങ്ങൾ തടയാൻ ഈ വാക്സിൻ ഉപയോഗപ്രദമാകും. ഈ ആഴ്ച, നേപ്പാളിന്റെ അഭ്യർത്ഥന പ്രകാരം, ഭാരതം മരുന്നുകളുടെയും വാക്സിനുകളുടെയും വലിയൊരു ശേഖരം നേപ്പാളിലേക്ക് അയച്ചു. ഇത് തൽസീമിയ, സിക്കിൾസെൽ രോഗം എന്നിവയാൽ ബുദ്ധിമുട്ടുന്ന രോഗികൾക്ക് മികച്ച ചികിത്സ ഉറപ്പാക്കും. മാനവരാശിയെ സേവിക്കുന്ന കാര്യത്തിൽ ഭാരതം എപ്പോഴും മുൻപന്തിയിലാണ്, ഭാവിയിലും അത്തരം എല്ലാ ആവശ്യങ്ങളിലും മുൻപന്തിയിൽ തന്നെ തുടരും.

സുഹൃത്തുക്കളേ,

നമ്മൾ ദുരന്തനിവാരണത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു. ഏതൊരു പ്രകൃതി ദുരന്തത്തെയും നേരിടുമ്പോൾ, നിങ്ങളുടെ ജാഗ്രത വളരെ പ്രധാനമാണ്. ഇതിനായുള്ള ജാഗ്രതാ സന്ദേശം ഇപ്പോൾ നിങ്ങളുടെ മൊബൈലിലെ ഒരു പ്രത്യേക ആപ്പിൽ നിന്ന് ലഭിക്കും. പ്രകൃതി ദുരന്തങ്ങളിൽ നിന്ന് നിങ്ങളെ രക്ഷിക്കാൻ ഈ ആപ്പിന് കഴിയും, ഇതിന്റെ പേര്സചേത്എന്നാണ്. ദേശീയ ദുരന്ത നിവാരണ അതോറിറ്റി (NDMA) ആണ് സചേത് ആപ്പ് തയ്യാറാക്കിയത്. വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, മണ്ണിടിച്ചിൽ, സുനാമി, കാട്ടുതീ, ഹിമപാതം, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ് അല്ലെങ്കിൽ മിന്നൽ പോലുള്ള ദുരന്തങ്ങളായാലും, സചേത് ആപ്പ് നിങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുകയും പരിരക്ഷിക്കുകയും ചെയ്യുന്നു. കാലാവസ്ഥാ വകുപ്പുമായി ബന്ധപ്പെട്ട അപ്ഡേറ്റുകൾ ഈ ആപ്പ് വഴി നിങ്ങൾക്ക് ലഭിക്കും. സചേത് ആപ്പ് പ്രാദേശിക ഭാഷകളിലും ധാരാളം വിവരങ്ങൾ നൽകുന്നു എന്നതാണ് പ്രത്യേകത. നിങ്ങൾ ഈ ആപ്പ് പ്രയോജനപ്പെടുത്തുകയും നിങ്ങളുടെ അനുഭവങ്ങൾ ഞങ്ങളുമായി പങ്കിടുകയും വേണം.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ഇന്ന് ഭാരതത്തിന്റെ കഴിവുകൾ ലോകമെമ്പാടും പ്രശംസിക്കപ്പെടുന്നത് നാം കാണുന്നു. ഭാരതത്തിലെ യുവാക്കൾ ഭരതത്തോടുള്ള ലോകത്തിന്റെ കാഴ്ചപ്പാട് മാറ്റിമറിച്ചു, ഏതൊരു രാജ്യത്തെയും യുവാക്കളുടെ താൽപ്പര്യമാണ് രാജ്യത്തിന്റെ ഭാവി എങ്ങനെയായിരിക്കുമെന്ന് നിർണ്ണയിക്കുന്നത്. ഇന്ന് ഭാരതത്തിലെ യുവാക്കൾ Science, Technology, Innovation എന്നിവയിലേക്ക് നീങ്ങുകയാണ്. പിന്നോക്കാവസ്ഥയ്ക്കും മറ്റ് കാരണങ്ങൾക്കും പേരുകേട്ട പ്രദേശങ്ങളിൽ പോലും, യുവാക്കൾ നമുക്ക് ആത്മവിശ്വാസം നൽകുന്ന അത്തരം പുതിയ മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. ഛത്തീസ്ഗഡിലെ ദന്തേവാഡയിലെ ശാസ്ത്ര കേന്ദ്രം ഇക്കാലത്ത് എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുന്നു. കുറച്ചു കാലം മുമ്പ് വരെ, ദന്തേവാഡ അക്രമത്തിനും അസ്വസ്ഥതയ്ക്കും മാത്രം പേരുകേട്ടതായിരുന്നു, എന്നാൽ ഇപ്പോൾ, അവിടെയുള്ള ഒരു ശാസ്ത്ര കേന്ദ്രം കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും പുതിയ പ്രതീക്ഷയുടെ കിരണമായി മാറിയിരിക്കുന്നു. കുട്ടികൾക്ക് ഈ സയൻസ് സെന്റർ സന്ദർശിക്കുന്നത് വളരെ ഇഷ്ടമാണ്. സാങ്കേതികവിദ്യ ഉപയോഗിച്ച് പുതിയ മെഷീനുകളും പുതിയ ഉൽപ്പന്നങ്ങളും നിർമ്മിക്കാൻ അവർ ഇപ്പോൾ പഠിക്കുന്നു. 3 ഡി പ്രിന്ററുകൾ, റോബോട്ടിക് കാറുകൾ എന്നിവയെക്കുറിച്ചും മറ്റ് നൂതന കാര്യങ്ങളെക്കുറിച്ചും പഠിക്കാൻ അവർക്ക് അവസരം ലഭിച്ചു. കുറച്ചു കാലം മുമ്പ്, ഗുജറാത്ത് സയൻസ് സിറ്റിയിൽ ഞാൻ സയൻസ് ഗാലറികൾ ഉദ്ഘാടനം ചെയ്തിരുന്നു. ഈ ഗാലറികൾ ആധുനിക ശാസ്ത്രത്തിന്റെ സാധ്യതകളെക്കുറിച്ചും ശാസ്ത്രം ഉപയോഗിച്ച് നമുക്കുവേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ചും നമുക്ക് നേർക്കാഴ്ച നൽകുന്നു. ഈ ഗാലറികൾ അവിടത്തെ കുട്ടികൾക്കിടയിൽ വളരെയധികം ആവേശമുണ്ടാക്കുന്നുവെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. ശാസ്ത്രത്തോടും നവീനാശയങ്ങളോടുമുള്ള ഈ വർദ്ധിച്ചുവരുന്ന താല്പര്യം ഭാരതത്തെ പുതിയ ഉയരങ്ങളിലെത്തിക്കും എന്നത് ഉറപ്പാണ്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ ശക്തി നമ്മുടെ 140 കോടി പൗരന്മാരാണ്, അവരുടെ കഴിവും ഇച്ഛാശക്തിയുമാണ്. കോടിക്കണക്കിന് ആളുകൾ ഒരുമിച്ച് ഒരു പ്രചാരണത്തിന് ചേരുമ്പോൾ, അതിന്റെ പ്രഭാവം വളരെ വലുതാണ്. ഇതിന് ഒരു ഉദാഹരണമാണ് ഏക് പേഡ് മാ കേ നാം

ഇ ൗ പ്രചാരണം നമ്മെ പ്രസവിച്ച അമ്മയുടെ പേരിലാണ്, മാത്രമല്ല നമ്മെ മടിയിൽ വഹിക്കുന്ന ഭൂമിമാതാവിനും വേണ്ടിയുള്ളതാണ്. സുഹൃത്തുക്കളെ, ജൂൺ 5, ലോക പരിസ്ഥിതി ദിനത്തിൽ, ഈ പ്രചാരണം ഒരു വർഷം പൂർത്തിയാകുന്നു. ഈ ഒരു വർഷത്തിനുള്ളിൽ, ഈ പ്രചാരണത്തിന് കീഴിൽ, രാജ്യത്തുടനീളം അമ്മയുടെ പേരിൽ 140 കോടിയിലധികം മരങ്ങൾ നട്ടുപിടിപ്പിച്ചു. ഭാരതത്തിന്റെ ഈ സംരംഭം കണ്ട്, രാജ്യത്തിന് പുറത്തുള്ള ആളുകളും അവരുടെ അമ്മമാരുടെ പേരിൽ മരങ്ങൾ നട്ടുപിടിപ്പിച്ചു. നിങ്ങളും ഈ പ്രചാരണത്തിന്റെ ഭാഗമാകണം, അങ്ങനെ ഒരു വർഷം പൂർത്തിയാക്കിയ ശേഷം, നിങ്ങളുടെ പങ്കാളിത്തത്തിൽ നിങ്ങൾക്ക് അഭിമാനിക്കാം.

സുഹൃത്തുക്കളേ,

മരങ്ങൾ തണുപ്പ് നൽകുന്നുവെന്നും മരങ്ങളുടെ തണൽ ചൂടിൽ നിന്ന് ആശ്വാസം നൽകുന്നുവെന്നും നമുക്കെല്ലാവർക്കും അറിയാം. എന്നാൽ അടുത്തിടെ ഇതുമായി ബന്ധപ്പെട്ട മറ്റൊരു വാർത്ത ഞാൻ കണ്ടു, അത് എന്റെ ശ്രദ്ധ പിടിച്ചുപറ്റി. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഗുജറാത്തിലെ അഹമ്മദാബാദ് നഗരത്തിൽ 70 ലക്ഷത്തിലധികം മരങ്ങൾ നട്ടുപിടിപ്പിച്ചു. ഈ മരങ്ങൾ അഹമ്മദാബാദിലെ പച്ചപ്പ് ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം, സബർമതി നദിയിൽ റിവർ ഫ്രണ്ട് നിർമ്മാണവും കാങ്കരിയ തടാകം പോലുള്ള ചില തടാകങ്ങളുടെ പുനർനിർമ്മാണവും കാരണം ഇവിടുത്തെ ജലാശയങ്ങളുടെ എണ്ണവും വർദ്ധിച്ചു. കഴിഞ്ഞ കുറച്ച്




വർഷങ്ങളായി, ആഗോളതാപനത്തിനെതിരെ പോരാടുന്ന പ്രധാന നഗരങ്ങളിലൊന്നായി അഹമ്മദാബാദ് മാറിയിട്ടുണ്ടെന്ന് ഇപ്പോൾ വാർത്താറിപ്പോർട്ടുകൾ പറയുന്നു. അവിടത്തെ ആളുകളും ഈ മാറ്റം അന്തരീക്ഷത്തിലെ തണുപ്പായി അനുഭവിക്കുന്നുണ്ട്. അഹമ്മദാബാദിൽ നട്ടുപിടിപ്പിച്ച മരങ്ങൾ അവിടെ പുതിയ അഭിവൃദ്ധി കൊണ്ടുവരാൻ കാരണമാകുകയാണ്. ഭൂമിയുടെ ആരോഗ്യം നിലനിർത്തുന്നതിനും, കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിനും, നിങ്ങളുടെ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനും ഒരു മരം നടാൻ ഞാൻ നിങ്ങളോട് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

സുഹൃത്തുക്കളേ,

ഒരു പഴഞ്ചൊല്ലുണ്ട്, മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ട്. പുതിയ എന്തെങ്കിലും ചെയ്യാൻ തീരുമാനിക്കുമ്പോൾ, തീർച്ചയായും നിങ്ങളുടെ ലക്ഷ്യസ്ഥാനത്ത് എത്തും. മലകളിൽ വളരുന്ന ആപ്പിൾ നിങ്ങൾ ധാരാളം കഴിച്ചിട്ടുണ്ടാകും. പക്ഷേ, നിങ്ങൾ കർണാടകയിൽ നിന്നുള്ള ആപ്പിൾ രുചിച്ചിട്ടുണ്ടോ എന്ന് ഞാൻ ചോദിച്ചാൽ, അപ്പോൾ നിങ്ങൾ അത്ഭുത പ്പെടും. സാധാരണയായി നമ്മൾ മനസ്സിലാക്കുന്നത് ആപ്പിൾ മലനിരകളിൽ മാത്രമേ വളരുന്നുള്ളൂ എന്നാണ്. എന്നാൽ കർണാടകയിലെ ബാഗൽകോട്ടിൽ താമസിക്കുന്ന ശ്രീ. ഷെയ്ൽ തേലി സമതലങ്ങളിൽ ആപ്പിൾ കൃഷി ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ കുലാലി ഗ്രാമത്തിൽ, 35 ഡിഗ്രിയിൽ കൂടുതൽ താപനിലയിൽ പോലും ആപ്പിൾ മരങ്ങൾ കായ്ക്കാൻ തുടങ്ങിയിരിക്കുന്നു. വാസ്തവത്തിൽ, ശ്രീ ഷെയ്ൽ തേലിക്ക് കൃഷിയിൽ താൽപ്പര്യമുണ്ടായിരുന്നു, അതിനാൽ അദ്ദേഹം ആപ്പിൾ കൃഷിയും പരീക്ഷിച്ചു, അതിൽ വിജയിക്കുകയും ചെയ്തു. ഇന്ന് അദ്ദേഹം നട്ടുപിടിപ്പിച്ച ആപ്പിൾ മരങ്ങളിൽ ധാരാളം ആപ്പിൾ വളരുന്നു, അവ വിറ്റ് അദ്ദേഹത്തിന് നല്ല വരുമാനം ലഭിക്കുന്നു.

സുഹൃത്തുക്കളേ,

ആപ്പിളിനെക്കുറിച്ച് ഇപ്പോൾ ചർച്ചകൾ നടക്കുന്ന ഈ സമയത്ത്, നിങ്ങൾ കിന്നൗരി ആപ്പിളിന്റെ പേര് തീർച്ചയായും കേട്ടിട്ടുണ്ടാകും. ആപ്പിളിന് പേരുകേട്ട കിന്നൗറിൽ കുങ്കുമപ്പൂ ഉത്പാദനം ആരംഭിച്ചു. പൊതുവെ ഹിമാചലിൽ കുങ്കുമപ്പൂ കൃഷി കുറവായിരുന്നു, എന്നാൽ ഇപ്പോൾ കിന്നൗറിലെ മനോഹരമായ സാംഗ്ല താഴ്വരയിലും കുങ്കുമപ്പൂ കൃഷി ആരംഭിച്ചിരിക്കുന്നു. കേരളത്തിലെ വയനാട്ടിൽ നിന്നാണ് ഇത്തരത്തിലൊരു ഉദാഹരണം. കുങ്കുമപ്പൂവ് വളർത്തുന്നതിലും ഇവിടെ വിജയം കൈവരിക്കാൻ കഴിഞ്ഞു. വയനാട്ടിൽ ഈ കുങ്കുമപ്പൂവ് ഏതെങ്കിലും വയലിലോ മണ്ണിലോ വളർത്തുന്നില്ല, മറിച്ച് എയറോപോണിക്സ് ടെക്നിക് ഉപയോഗിച്ചാണ് വളർത്തുന്നത്. ലിച്ചിയുടെ ഉൽപാദനത്തിലും സമാനമായ ഒരു അത്ഭുതം സംഭവിച്ചിട്ടുണ്ട്. ബീഹാർ, പശ്ചിമ ബംഗാൾ, ജാർഖണ്ഡ് എന്നിവിടങ്ങളിൽ ലിച്ചി വളരുന്നുണ്ടെന്ന് നമ്മൾ കേട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ ദക്ഷിണേന്ത്യയിലും രാജസ്ഥാനിലും ലിച്ചി ഉത്പാദിപ്പിക്കുന്നുണ്ട്. തമിഴ്നാട്ടിലെ തിരുവീര അരസ് കാപ്പി കൃഷി ചെയ്തിരുന്നു. അദ്ദേഹം കൊടൈക്കനാലിൽ ലിച്ചി മരങ്ങൾ നട്ടുപിടിപ്പിച്ചു, ഏഴ് വർഷത്തെ കഠിനാധ്വാനത്തിനുശേഷം മരങ്ങൾ കായ്ക്കാൻ തുടങ്ങി. ലിച്ചി കൃഷിയിലെ വിജയം സമീപത്തുള്ള മറ്റ് കർഷകർക്കും പ്രചോദനമായി. രാജസ്ഥാനിൽ ലിച്ചി കൃഷി ചെയ്യുന്നതിൽ ജിതേന്ദ്ര സിംഗ് റണാവത് വിജയം നേടിയിട്ടുണ്ട്. ഈ ഉദാഹരണങ്ങളെല്ലാം വളരെ പ്രചോദനാത്മകമാണ്. നമ്മൾ പുതിയ എന്തെങ്കിലും ചെയ്യാൻ തീരുമാനിക്കുകയും ബുദ്ധിമുട്ടുകൾക്കിടയിലും സ്ഥിരോത്സാഹം കാണിക്കുകയും ചെയ്താൽ, അസാധ്യമായത് പോലും സാധ്യമാക്കാൻ കഴിയും.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ഇന്ന് ഏപ്രിൽ മാസത്തിലെ അവസാനത്തെ ഞായറാഴ്ചയാണ്. മെയ് മാസം ആരംഭിക്കാൻ ഇനി ഏതാനും ദിവസങ്ങൾ മാത്രം. ഇന്നു മുതൽ ഏകദേശം 108 വർഷം പിന്നിലേക്ക് ഞാൻ നിങ്ങളെ കൊണ്ടുപോകട്ടെ. 1917ൽ, ഏപ്രിൽ, മെയ് മാസങ്ങളിൽ രാജ്യത്ത് സ്വാതന്ത്ര്യത്തിനായുള്ള ഒരു അതുല്യമായ പോരാട്ടം നടക്കുകയായിരുന്നു. ബ്രിട്ടീഷുകാരുടെ ക്രൂരതകൾ അതിന്റെ ഉച്ചസ്ഥായിയിലായിരുന്നു. ദരിദ്രരുടെയും, അധസ്ഥിതരുടെയും, കർഷകരുടെയും മേലുള്ള ചൂഷണം മനുഷ്യത്വരഹിതമായ തലങ്ങൾ കടന്നിരുന്നു. ബിഹാറിലെ ഫലഭൂയിഷ്ഠമായ ഭൂമിയിൽ കർഷകരെ ഇൻഡിഗോ കൃഷി ചെയ്യാൻ ബ്രിട്ടീഷുകാർ നിർബന്ധിക്കുകയായിരുന്നു. നീലം കൃഷി കാരണം കർഷകരുടെ വയലുകൾ തരിശായിക്കൊണ്ടിരുന്നു, പക്ഷേ ബ്രിട്ടീഷ് ഗവൺമെന്റിന് അതിനെക്കുറിച്ച് ആശങ്കയില്ലായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ, ഗാന്ധിജി 1917ൽ ബിഹാറിലെ ചമ്പാരനിൽ എത്തി. കർഷകർ ഗാന്ധിജിയോട് പറഞ്ഞു ഞങ്ങളുടെ ഭൂമി മരിക്കുകയാണ്, ഞങ്ങൾക്ക് കഴിക്കാൻ ഭക്ഷണം ലഭിക്കുന്നില്ല. ലക്ഷക്കണക്കിന് കർഷകരുടെ കഷ്ടപ്പാടുകൾ ഗാന്ധിജിയുടെ മനസ്സിൽ ഒരു ദൃഢനിശ്ചയത്തിന് കാരണമായി. അവിടെ നിന്നാണ് ചരിത്രപ്രസിദ്ധമായ ചമ്പാരൻ സത്യാഗ്രഹം ആരംഭിച്ചത്. ബാപ്പുവിന്റെ ഇന്ത്യയിലെ ആദ്യത്തെ പ്രധാന പരീക്ഷണമായിരുന്നു ചമ്പാരൻ സത്യാഗ്രഹം. ബാപ്പുവിന്റെ സത്യാഗ്രഹത്തിൽ മുഴുവൻ ബ്രിട്ടീഷ് ഭരണവും ഇളകിമറിഞ്ഞു. കർഷകരെ ഇൻഡിഗോ കൃഷി ചെയ്യാൻ നിർബന്ധിക്കുന്ന നിയമം ബ്രിട്ടീഷുകാർക്ക് നിർത്തിവയ്ക്കേണ്ടിവന്നു. സ്വാതന്ത്ര്യസമരത്തിന് പുതിയ ആത്മവിശ്വാസം പകരുന്ന ഒരു വിജയമായിരുന്നു ഇത്. സ്വാതന്ത്ര്യാനന്തരം രാജ്യത്തിന്റെ ആദ്യത്തെ രാഷ്ട്രപതിയായി മാറിയ ബിഹാറിന്റെ മറ്റൊരു സുപുത്രനും ഈ സത്യാഗ്രഹത്തിൽ വലിയ സംഭാവന നൽകിയെന്ന് നിങ്ങൾക്ക് അറിയുമായിരിക്കും. അദ്ദേഹം ഒരു മഹാനായ വ്യക്തിയായിരുന്നു ഡോ. രാജേന്ദ്ര പ്രസാദ്. ചമ്പാരൻ സത്യാഗ്രഹത്തെക്കുറിച്ച് അദ്ദേഹം ഒരു പുസ്തകവും എഴുതി സത്യാഗ്രഹ ഇൻ ചമ്പാരൻ, എല്ലാ യുവാക്കളും ഈ പുസ്തകം വായിക്കണം. സഹോദരീ സഹോദരന്മാരേ, സ്വാതന്ത്ര്യസമരത്തിന്റെ മായാത്ത നിരവധി അധ്യായങ്ങൾ ഏപ്രിൽ മാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗാന്ധിജിയുടെദണ്ഡി മാർച്ച് ഏപ്രിൽ 6ന് പൂർത്തിയായി. മാർച്ച് 12ന് ആരംഭിച്ച് 24 ദിവസം നീണ്ടുനിന്ന ഈ യാത്ര ബ്രിട്ടീഷുകാരെ പിടിച്ചുലച്ചിരുന്നു. ജാലിയൻവാലാബാഗ് കൂട്ടക്കൊല നടന്നത് ഏപ്രിലിൽ തന്നെയാണ്. ആ രക്തരൂഷിത ചരിത്രത്തിന്റെ അടയാളങ്ങൾ പഞ്ചാബിന്റെ മണ്ണിൽ ഇപ്പോഴും ഉണ്ട്.

സുഹൃത്തുക്കളെ,

ഏതാനും ദിവസങ്ങൾക്കുള്ളിൽ, മെയ് 10ന്, ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ വാർഷികവും വരുന്നു. സ്വാതന്ത്ര്യത്തിനായുള്ള ആ ആദ്യ പോരാട്ടത്തിൽ ജ്വലിച്ച തീപ്പൊരി പിന്നീട് ലക്ഷക്കണക്കിന് പോരാളികൾക്ക് ഒരു ദീപമായി മാറി. ഇക്കഴിഞ്ഞ ഏപ്രിൽ 26ന്, 1857 ലെ വിപ്ലവത്തിലെ മഹാനായ നായകനായ ബാബു വീർ കുവർ സിങ്ങിന്റെ ചരമവാർഷികവും നമ്മൾ ആചരിച്ചു. ബിഹാറിലെ മഹാനായ യോദ്ധാവിൽ നിന്ന് മുഴുവൻ രാജ്യത്തിനും പ്രചോദനം ലഭിക്കുന്നു. അത്തരം ലക്ഷക്കണക്കിന് സ്വാതന്ത്ര്യ സമര സേനാനികളുടെ അനശ്വര പ്രചോദനങ്ങൾ നാം സജീവമായി നിലനിർത്തണം. അവരിൽ നിന്ന് നമുക്ക് ലഭിക്കുന്ന ഊർജ്ജം അമൃതകാലത്തിനായുള്ള നമ്മുടെ പ്രതിജ്ഞകൾക്ക് പുതിയ ശക്തി നൽകുന്നു.

സുഹൃത്തുക്കളെ,

മൻ കി ബാത്തിന്റെ ഈ നീണ്ട യാത്രയിൽ നിങ്ങൾ ഈ പരിപാടിയുമായി ഒരു അടുത്ത ബന്ധം വളർത്തിയെടുത്തിട്ടുണ്ട്. രാജ്യത്തെ ജനങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കാൻ ആഗ്രഹിക്കുന്ന നേട്ടങ്ങൾമൻ കി ബാത്ത്വഴി ജനങ്ങളിലേക്ക് എത്തിക്കുന്നു. അടുത്ത മാസം നമ്മൾ വീണ്ടും ഒത്തുകൂടി രാജ്യത്തിന്റെ വൈവിധ്യത്തെക്കുറിച്ചും മഹത്തായ പാരമ്പര്യത്തെക്കുറിച്ചും പുതിയ നേട്ടങ്ങളെക്കുറിച്ചും സംസാരിക്കും. സമർപ്പണത്തിലൂടെയും സേവനമനോഭാവത്തിലൂടെയും സമൂഹത്തിൽ മാറ്റം കൊണ്ടുവരുന്ന അത്തരം ആളുകളെക്കുറിച്ച് നമുക്ക് അറിയാൻ കഴിയും. എല്ലായ്പ്പോഴും എന്നപോലെ, നിങ്ങളുടെ ചിന്തകളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് അയച്ചുതരിക. നന്ദി, നമസ്ക്കാരം.

## ഫ്രാൻസിസ് മാർപാപ്പ തന്റെ മരണത്തോടെ അവശേഷിപ്പിച്ച ഭൗതിക സ്വത്തുക്കൾ ...

ഫ്രാൻസിസ് മാർപാപ്പ മരിക്കുമ്പോൾ കൈവശം 100 ഡോളർ മാത്രം.

അതെ, നൂറു ഡോളർ.

90 യൂറോയിൽ താഴെ. വീടില്ല. ബാങ്ക് അക്കൗണ്ട് ഇല്ല.

അദ്ദേഹത്തിന്റെ പേരിൽ നിക്ഷേപങ്ങളൊന്നുമില്ല.

എന്നിട്ടും അദ്ദേഹം കത്തോലിക്കാ സഭയുടെ തലവനായിരുന്നു.

പ്രതിവർഷം ഏകദേശം 340,000 യൂറോ( മൂന്നു കോടി 30 ലക്ഷം രൂപ) അദ്ദേഹത്തിന് ശമ്പളമായി നേടാമായിരുന്ന ഒരു സ്ഥാനം.

എന്നാൽ ഈ പണം അദ്ദേഹം നിരസിച്ചു. അർഹരായ പാവങ്ങൾക്ക് വിതരണം ചെയ്യാൻ ഏർപ്പാടാക്കി.. എല്ലാ വർഷവും. 2013 മുതൽ.

എന്തുകൊണ്ട്?

കാരണം അദ്ദേഹം ഒരു ജെസ്യൂട്ട് പുരോഹിതൻ ആയിരുന്നു, ജെസ്യൂട്ടുകൾ ദാരിദ്ര്യം പ്രതിജ്ഞ ചെയ്യുന്നു. തന്റെ മുൻഗാമികളെപ്പോലെ ആഡംബരപൂർണമായ വത്തിക്കാൻ അപ്പാർട്ടുമെന്റുകളിൽ താമസിക്കുന്നതിനുപകരം, ലളിതവും എളിമയുള്ളതുമായ വസതിയായ കാസ സാന്താ മാർട്ടയിൽ താമസിക്കാൻ അദ്ദേഹം തിരഞ്ഞെടുത്തു.

അമിതാലങ്കാരങ്ങൾഇല്ല. സ്വകാര്യ സേവകരില്ല. ഒരു കിടക്കയും മേശയും വിശ്വാസവും മാത്രം.

പരമ്പരാഗത ചുവന്ന ലോഫറുകൾ നിരസിച്ചുകൊണ്ട് അദ്ദേഹം തന്റെ പഴയ കറുത്ത ഷൂസ് ധരിച്ചു.

അദ്ദേഹം ഒരു ചെറിയ ഫോർഡ് ഫോക്കസിൽ യാത്ര ചെയ്തു.

വത്തിക്കാൻ ജീവനക്കാർക്കൊപ്പമാണ് അദ്ദേഹം ഭക്ഷണം കഴിച്ചത്, ഒരു സ്വകാര്യ ഡൈനിംഗ് റൂമിലല്ല.

പ്രത്യേക ആഭരണങ്ങളില്ലാതെ ലളിതമായി വസ്ത്രം ധരിച്ചു, വെറും വെളുത്ത വസ്ത്രവും ഇരുമ്പ് കുരിശും മാത്രം.

ചിലർ തങ്ങളുടെ സ്വത്തുക്കളും പ്രതിച്ഛായയും മുറുകെ പിടിക്കുമ്പോൾ...

ഫ്രാൻസിസ് മാർപാപ്പ ഒന്നും സ്വന്തമാക്കാൻ തിരഞ്ഞെടുത്തില്ല.


ദശലക്ഷങ്ങൾ ഇല്ല. സങ്കീർണ്ണമായ ഇഷ്ടങ്ങളൊന്നുമില്ല.

വെറും 100 ഡോളർ... ഒപ്പം ശക്തമായ ഒരു സന്ദേശവും: 'നിങ്ങളുടെ ഉടമസ്ഥതയിലുള്ള സ്വത്തുക്കൾ അല്ല നിങ്ങൾ ആരാണെന്ന് പരിഗണിക്കപ്പെടേണ്ടത്, പ്രത്യുത മറ്റുള്ളവർക്കായി നിങ്ങൾ ചെയ്യുന്നതെന്താണ് എന്നാണ്'. ലോകം ഞെട്ടി...

സമ്പത്ത് പലപ്പോഴും ആത്യന്തിക ലക്ഷ്യമായി മാറുന്ന ഒരു കാലഘട്ടത്തിൽ, സ്വയം ഭൗതിക സമ്പന്നനാകാൻ ഒരിക്കലും ശ്രമിക്കാതെ ഫ്രാൻസിസ് മാർപാപ്പ ശാശ്വതമായ ഒരു അടയാളം അവശേഷിപ്പിക്കുന്നു. വിനയത്തിന്റെ ഒരു പാഠം. സേവനത്തിന്റെ ഒരു ദർശനം. അദ്ദേഹം ആഡംബരത്തിന്റെ പോപ്പ് ആയിരുന്നില്ല. ഹൃദയമുള്ള ഒരു മാർപ്പാപ്പയായിരുന്നു അദ്ദേഹം. ലളിതമായി ജീവിക്കുന്നതും വ്യത്യസ്തമായി വാഴുന്നുവെന്ന് തെളിയിച്ച ക്രിസ്തുവിനെ പോലെ ജീവിച്ച മനുഷ്യ സ്നേഹിയായ ആഗോള കത്തോലിക്ക സഭയുടെ പരമാധ്യക്ഷനും ലോക നേതാവുമായ... വലിയഇടയന് സ്നേഹപൂർവ്വം വിട


## മേയ്


**ജനനം**



01 രവീന്ദ്രനാഥ ടാഗോർ 1861
കെ.പി.ജി. നമ്പൂതിരി 1917
എം.പി.പോൾ 1904
എൻ.ഇ.സുവർണ്ണവല്ലി 1935
02 സി.എ ബാലൻ 1919
ഇ.എം.ജെ.വെണ്ണിയൂർ 1927
വക്കം അബ്ദുൾ ഖാദർ 1012
എസ്.എ.ജമീൽ 1941
03 ഇക്കണ്ടവാര്യർ 1890
വി.കെ.കൃഷ്ണമേനോൻ 1896
04 കെ.സി.മാമ്മൻമാപ്പിള 1871
05 സി.എം.എസ് ചന്തേര 1936
ജി.വിവേകാനന്ദൻ 1923
കാറൽ മാക്സ് 1818
തേറമ്പിൽ ശങ്കുണ്ണിമേനോൻ 1910
സി.കെ.കരിം 1929
കെ.എം.ഡാനിയേൽ 1920
വി.എസ്.ആൻഡ്രൂസ് 1872
06 ഏകവല്യൻ (കെ.എം.മാത്യു) 1936
07 ദിവാൻ സി.എസ്.നായർ 1894
ജഗതി എൻ.കെ.ആചാരി 1924
09 മേക്കൊല്ല പരമേശ്വരൻപിള്ള 1907
10 വെണ്ണിക്കുളം ഗോപാലക്കുറുപ്പ് 1902
കുഞ്ഞുണ്ണിമാഷ് 1927
പി.ഭാസ്കരൻ 1924
എൻ.കെ.ലോഹിതദാസ് 1955
ഡോ.ടി.ഐ.രാധാകൃഷ്ണൻ 1939
11 വൈലോപ്പിള്ളി ശ്രീധരമേനോൻ 1911
12 സുകുമാർ അഴീക്കോട് 1926
13 എൻ.വി.കൃഷ്ണവാരിയർ 1916
കാവിൽ ശശി 1946
ഡി.വിനയചന്ദ്രൻ 1948
14 മൂർക്കോത്ത് കുഞ്ഞപ്പ 1905
15 വി.പി.ശിവകുമാർ 1947
വാസുദേവൻ ഇളയത് 1910
പി.ടി.അബ്ദുൾ റഹിമാൻ 1940
16 മുല്ലനേഴി നീലകണ്ഠൻ 1948
ഏറ്റുമാനൂർ സോമദാസൻ 1936
17 ഇ.പി.സുഷമ 1964
പ്രൊഫ.കെ.എസ്.നാരായണപിള്ള 1930
18 എം.സി.അപ്പുണ്ണിനമ്പ്യാർ 1927
കലാമണ്ഡലം കേശവൻ 1936
19 സി.വി.രാമൻപിള്ള 1858
20 സർവ്വാധികാരൻ പി.ഗോവിന്ദപ്പിള്ള 1849
മാത്യു എം.കുഴിവേലി 1905
പാപ്പനംകോട് പ്രഭാകരൻ 1931
21 കെ.എൻ.എഴുത്തച്ഛൻ 1911
22 രാജാ റാം മോഹൻ റോയ് 1772
കെ.കെ.വാസുമാസ്റ്റർ 1922
ആചാര്യ നരേന്ദ്രഭൂഷൺ 1937
23 സി.കേശവൻ 1891
പി.പത്മരാജൻ 1945
24 മേലങ്ങത്ത് അച്യുതമേനോൻ 1887
ഇ.ബാലാനന്ദൻ 1924
25 കെ.പി.കറുപ്പൻ 1885
സ്വദേശാഭിമാനി രാമകൃഷ്ണപിള്ള 1878
കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ 1924
ഭരത് മുരളി 1954
27 കോട്ടയ്ക്കൽ പി.വി.കൃഷ്ണവാരിയർ 1877
നിധീരിക്കൽ മാണിക്കത്തനാർ 1842
മടവൂർ ഭാസി 1927
28 മൊയ്തു പടിയത്ത് 1931
29 സി.എസ്.ഗോപാലപ്പണിക്കർ 1872
30 മലയാറ്റൂർ രാമകൃഷ്ണൻ 1927
മുൻഷി രാമക്കുറുപ്പ് 1848
31 കെ.സി.എസ്.പണിക്കർ 1911











**ചരമം**



01 കെ.പി.പത്മനാഭമേനോൻ 1857–1919
03 തോട്ടയ്ക്കാട്ട് ഇക്കാവമ്മ 1865–1916
ആർ.കെ.നാരായണൻ 2001
വാസു പ്രദീപ് 1931–2011
04 വിജയൻ കരോട്ട് 1940–1991
05 ചട്ടമ്പിസ്വാമികൾ 1852–1924
എം.എം.മേനോൻ 1935–2011
09 വി.കെ. കൃഷ്ണമേനോൻ 1869–1949
12 വി.എം.നായർ 1896–1977
കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ 1915
13 മൊയ്യാരത്ത് ശങ്കരൻ 1901–1948
വി.ആർ.കൃഷ്ണനെഴുത്തച്ഛൻ 1901–1948
14 കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ 1882–1959
വിലാസിനി 1928–1993
നിത്യചൈതന്യയതി 1924–1999
17 ചെങ്ങാരപ്പള്ളി നാരായണപ്പോറ്റി 1917–1993
18 ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ 1869–1916
19 വി.ഉണ്ണിക്കൃഷ്ണനായർ 1893–1985
എം.പി.നാരായണപിള്ള 1939–1998
അയ്പ് പാറമേൽ 2004
ഇ.കെ.നായനാർ 1919–2004
പ്രൊഫ.എം.ശിവശങ്കരൻ 2015
20 സിസ്റ്റർ മേരിബനീഞ്ജ 1901–1985
കൊച്ചീപ്പൻ തരകൻ 1861–1940
ശോഭന പരമേശ്വരൻനായർ 2009
21 രാജീവ് ഗാന്ധി 1944–1991
ശ്രീമൂലനഗരം വിജയൻ 1933–1992
ബാരിസ്റ്റർ ജി.പി.പിള്ള 1864–1903
22 പി.അനന്തൻപിള്ള 1886–1966
23 പനമ്പിള്ളി ഗോവിന്ദമേനോൻ 1908–1970
24 എം.ശേഷഗിരിപ്രഭു 1855–1924
ടി.എൻ.ഗോപിനാഥൻ നായർ 1918–1999
25 സി.ജി.ശാന്തകുമാർ 1938–2006
പിണ്ടാണി എൻ.ബി.പിള്ള 1929–2009
26 ചെമ്പകരാമൻപിള്ള 1891–1934
27 ജവഹർലാൽ നെഹ്റു 1889–1964
പി.കുഞ്ഞിരാമൻ നായർ 1905–1978
ഐ.സി.ചാക്കോ 1875–1966
ഐ.സി.പി.നമ്പൂതിരി 1910–2001
28 ഡോ.കെ.ജി.അടിയോടി 1937–2001
മുട്ടത്തുവർക്കി 1913–1989
29 വെട്ടം മാണി 1921– 1987
പി.മോഹനൻ 1953–2014
31 സി.അന്തപ്പായി 1862–1936
ഏറ്റുമാനൂർ ഗോപാലൻ 1996
കമലാ സുരയ്യ 1933–2009
കെ.കെ.വാസുമാസ്റ്റർ 1922–2010



## ബുദ്ധ വിഗ്രഹം കറുത്തതായതെങ്ങനെ?

ഒരേ വലിപ്പത്തിലുള്ള ഒരു നിര ബുദ്ധവിഗ്രഹം ഒരുകൂട്ടം ശില്പികൾ നിർമ്മിച്ചു. ആഘോഷമായി തന്നെ അത് പ്രതിഷ്ഠിച്ചു.

ധനാഢ്യൻ സുഗന്ധധൂപം വച്ച് പ്രാർത്ഥിച്ചു തുടങ്ങി. ഇതു കണ്ട് മറ്റുള്ളവരും സുഗന്ധധൂപം അർപ്പിക്കാൻ തുടങ്ങി. ധൂപം വെൺകൽപ്രതിമയെ സദാനേരവും ചുറ്റിവളഞ്ഞ് സുഗന്ധം പ്രസരിപ്പിച്ചുകൊണ്ടിരുന്നു.

താൻ അർപ്പിക്കുന്ന ധൂപം തൊട്ടടുത്തുള്ള പ്രതിഷ്ഠയിൽ വ്യാപിക്കുന്നു. അതു ശരിയല്ല. ആദ്യത്തെയാൾ മറ്റൊരു നിർദ്ദേശം വച്ചു. പ്രതിഷ്ഠയ്ക്കു ചുറ്റും ഒരു മറ ഉണ്ടാകണം. ഒരാളുടെ നിത്യവ്യഹാരവുമായ ബന്ധപ്പെട്ട പ്രാർത്ഥന തൊട്ടടുത്തു നിൽക്കുന്ന ആൾ കേൾക്കുന്നത് ശരിയല്ല. അതിലൊരു യുക്തിയുണ്ടെന്ന് കേട്ടവർക്കെല്ലാം മനസ്സിലായി.

വൈകാതെ തന്നെ ഓരോ വിഗ്രഹത്തിനു ചുറ്റും ആൾപ്പൊക്കത്തിനു മീതേ ചുറ്റുമതിൽ ഉയർന്നു. ധൂപത്തിലെ സുഗന്ധദ്രവ്യത്തിന്റെ കറ പ്രാർത്ഥനയ്ക്കൊപ്പം വിഗ്രഹത്തെ പൊതിയാൻ തുടങ്ങി.

വെണ്ണക്കല്ല് വിഗ്രഹത്തിന്റെ നിറം മങ്ങി തുടങ്ങി. അത് മങ്ങിമങ്ങി ഇരുണ്ടു തുടങ്ങി. ഒടുവിൽ ഇരുട്ടിൽ തിരിച്ചറിയാൻ കഴിയാത്തവിധം വിഗ്രഹവും ഇരുണ്ടു.

## 100 വർഷം മുമ്പ്

**2025 മേയ് 02**

തിരുവിതാംകൂറിൽ തിരുവല്ല കുഴുവേലിപ്പുറം ശ്രീനാരായണ വിലാസം യോഗത്തിന്റെ നാലാം വാർഷിക സമ്മേളനത്തിൽ പുലയർക്ക് ഈ സംഘം വക ക്ഷേത്രങ്ങളിൽ പ്രവേശനം അനുവദിച്ചു കൊടുക്കുന്നതാണെന്നു തീരുമാനിച്ചു.

**2025 മേയ് 07**

തിരുവിതാംകൂറിൽ മാത്രമായോ കേരളത്തിലേക്ക് പൊതുവായോ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനായി അന്വേഷിച്ച് അഭിപ്രായപ്പെടുവാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി തിരുവിതാംകൂർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു.

**2025 മേയ് 14**

തിരുവിതാംകൂറിൽ കാർത്തികപ്പള്ളി താലൂക്കിൽപ്പെട്ട എരുവാ, തൃക്കുന്നപ്പുഴ, ഏവൂർ, കാവിൽപ്പടിയ്ക്കൽ, പാണ്ടൻവൻകാവ്, കുറങ്ങുർ, ചെട്ടികുളങ്ങര എന്നീ ക്ഷേത്ര റോഡുകളിൽ കൂടി അധഃകൃതർക്ക് നടക്കുവാൻ അവിടുത്തെ സവർണ്ണർ അനുവാദം കൊടുത്തു.

മലബാർ കുടിയായ്മ ബില്ലിനെക്കുറിച്ച് സെലക്ട് കമ്മിറ്റി യോഗം ചേർന്ന് വെറും പാട്ടക്കാർക്ക് സ്ഥിരാവകാശം കൊടുക്കാൻ തീർച്ചപ്പെടുത്തി.

**2025 മേയ 30**

തലശ്ശേരിയിലെ ജഗന്നാഥ ക്ഷേത്രത്തിൽ സ്ത്രീ പുരുഷന്മാരടക്കം നൂറിലധികം പുലയർ ക്ഷേത്രം പ്രദക്ഷിണം വെയ്ക്കുകയും അവർക്കൊക്കെ പ്രസാദവും പായസവും കൊടുക്കുകയും ചെയ്തു.

# പരിവർത്തിത ലോകത്തിന്റെ നായകൻ ഫ്രാൻസിസ് മാർപാപ്പാ



പരാമർശിച്ചിരുന്നു. ക്രിസ്തു ഉയിർത്തു എന്ന പ്രഖ്യാപനം നടത്തിയ പിറ്റേന്ന് ഫ്രാൻസിസ് മാർപാപ്പാ ലോകത്തോടു വിടപറഞ്ഞു.

പലായനത്തിന്റെ നോവറിഞ്ഞ പരമ്പരയുടെ പിൻഗാമിയാണ്. 1927 ഒക്ടോബറിൽ ജനോവായിൽ നിന്നും തെക്കേ അമേരിക്കയിലേക്കു പോയ ഒരു കപ്പൽ ബ്രസീലിയൻ കടൽത്തീരത്തോടടുക്കവെ മുങ്ങിപ്പോയി. അതിൽ നൂറു കണക്കിന് ജീവൻ പൊലിഞ്ഞു. ആ കപ്പലിൽ പോകുവാൻ തീർച്ചയാക്കിയെങ്കിലും സ്വന്തം വസ്തുവകകൾ വിറ്റുകിട്ടാൻ താമസിച്ചതുകാരണം യാത്ര പുറപ്പെടേണ്ടുന്ന ഒരു കുടുംബം ആ കപ്പലിലുണ്ടായിരുന്നില്ല. ജിയോവാനി ബർഗോളിയയും ഭാര്യ റോസയും. അവരുടെ ചെറുമകനായിരുന്നു ഫ്രാൻസിസ് മാർ പാപ്പ.

1936 ഡിസംബർ 17ന് ബ്യൂണസ് ഐറിസിൽ ജനനം. പിതാവ് മാരിയോ ജോസ് ബെർഗോഗ്ലിയോ. മാതാവ് മരിയ സിവോറിയ. വികൃതിയായ കുട്ടി. എപ്പോഴും ഒപ്പം കളിപ്പന്തുണ്ടാവും. പന്ത്രണ്ടാം വയസ്സിൽ ഹൊർഹെ എന്ന പെൺകുട്ടിക്കു പ്രണയ ലേഖനം എഴുതി. പ്രണയം നഷ്ടമായി പട്ടത്തിനു പോകുമെന്നു പറഞ്ഞ ആ ബാലനെ കാലം ലോകപ്രണയത്തിന്റെ വക്താവായി രൂപാന്താരപ്പെടുത്തുകയായിരുന്നു.

1957ൽ ഗുരുതരമായ രോഗബാധിതനായി ശ്വാസകോശത്തിന്റെ ഒരു ഭാഗം നീക്കം ചെയ്തു. രസതന്ത്രത്തിൽ ബിരുദാനന്തരബിരുദധാരിയായിരുന്നു. ചിലെയിലെ സ്വാന്തിയാഗോ പാദ്രേ ഹൂർത്താദോയിൽ ഹ്യൂമാനിറ്റീസ് പഠനം തുടർന്നു. 1958 മാർച്ച് 11ന് ഈശോസഭയിൽ ചേർന്നു. കുറച്ചുകാലം ബ്യൂനസ് ഐറിസിലെ കൊളജിയോ ഡെൽ സാൽവദോർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപകനായി. ദൈവശാസ്ത്രത്തിലുള്ള പഠനം തുടർന്നു. 1969 ഡിസം



ബർ 13ന് വൈദികനായി. 1980ൽ മാൻ മിഗ്വേൽ സെമിനാരിയുടെ റെക്ടറായി. 1992ൽ ബ്യൂണസ് ഐറിസിലെ സഹായമെത്രാനായി. 1998ൽ അർജന്റീനയുടെ ആർച്ച് ബിഷപ്പായി. 2001ൽ കർദ്ദിനാളായി. ബനഡിക്ട് മാർ പാപ്പായുടെ വിയോഗത്തെ തുടർന്ന് 2013 മാർച്ച് 13ന് കത്തോലിക്കസഭയുടെ 266 -ാമത്തെ മാർപാപ്പയായി.

ഫ്രാൻസിസ് മാർ പാപ്പയുടെ പേര് ഹോർഹെ മാരിയോ ബർഗോഗ്ലിയോ എന്നായിരുന്നു. ജസ്യൂട്ട് കർദ്ദിനാളായിരുന്ന ബർഗോഗ്ലിയോ അതുവരെ ആരും സ്വീകരിച്ചിട്ടില്ലാത്ത പേരായിരുന്നു മാർ പാപ്പയായി നിയോഗിതനായപ്പോൾ തിരഞ്ഞെടുത്തത്. അത് പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫ്രാൻസിസ് എന്ന പുണ്യവാളന്റെ പേരായിരുന്നു. അസീസിയിലെ ഫ്രാൻസിസ്. പക്ഷികളോടും മൃഗങ്ങളോടും ചങ്ങാത്തം കൂടുകയും തന്റെ അന്നത്തിന്റെ ഒരു ഓഹരി അവർക്കായി പങ്കുവയ്ക്കുകയും ക്ഷീണിതന്റെയും രോഗികളുടെയും കൂട്ടാളിയുമായ ഫ്രാൻസിസിന്റെ പേരാണ് സ്വീകരിച്ചത്.

പേപ്പസിയുടെ നിലവിലുള്ള സമ്പ്രദായത്തിൽ നിന്നുള്ള മാറ്റം തുടക്കം മുതൽ പ്രകടമായിരുന്നു. തീവ്ര സ്വാതന്ത്ര്യ ചിന്തയാണ് പോപ്പ് സഭയിൽ കൊണ്ടുവന്നത്. ബൈബിളിലെ മനുഷ്യോല്പത്തിക്കഥ കെട്ടുകഥയെന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. ശാസ്ത്രകുതുകികളെ ശിക്ഷിച്ച സഭ, ഇതാ കുറ്റം ഏറ്റുപറഞ്ഞു പശ്ചാത്തപിച്ചിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ വാതിലുകൾ മലർക്കെ തുറന്നുകൊണ്ട് ശാസ്ത്രത്തിന്റെയും സഭേതര ആശയങ്ങളെ സ്വീകരിച്ചു. അപ്പസ്തോലിക കൊട്ടാരത്തിലെ താമസം വേണ്ടെന്നുവച്ചു. ഡൊമൂസ് സാന്റോ മാർത്തേ എന്ന ഗസ്റ്റ് ഹൗസിലാണ് താമസിച്ചത്. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു; എന്നാൽ ആ ദൈവം കത്തോലിക്കനാകണമെന്നില്ല; മതപരിവർത്തനം തികച്ചും അസംബന്ധമാണ് തുടങ്ങി എത്രയോ പ്രബോധനങ്ങൾ ലോകത്തിന് സ്വീകാര്യവും തീവ്രസഭാവിശ്വാസികൾക്ക് അരോചകവുമായി തീർന്നു.

അനധികൃത കുടിയേറ്റത്തിന്റെ പേരിൽ പിടിക്കപ്പെട്ടവരെ ചങ്ങലയ്ക്കിട്ട് സ്വന്തം നാടുകളിലേക്ക് കയറ്റി അയച്ച അമേരിക്കൻ പ്രസിഡന്റ് ട്രംപിനെ അപലപിക്കുന്നതും നാം കണ്ടു. അതിർത്തികളെ സംരക്ഷിക്കാൻ രാഷ്ട്രത്തിന് അവകാശമുണ്ടെന്നിരിക്കെ കുടിയേറ്റത്തെ മാന്യമായും മനുഷ്യത്വപരമായും കൈകാര്യം ചെയ്യണമെന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

2019 ഫെബ്രുവരിയിൽ ഫ്രാൻസിസ് മാർപാപ്പായും അബുദാബിയിലെ ഗ്രാൻഡ് ഇമാമായ ശൈഖ് അഹമ്മദ് അൽ-തയ്യിബുമായി ചേർന്നെഴുതിയ മനുഷ്യസാഹോദര്യത്തെപ്പറ്റിയുള്ള പ്രമാണം നൂറ്റാണ്ടുയുദ്ധത്തിന്റെ പേരിൽ ജീവൻ നഷ്ടപ്പെട്ടവർക്കുവേണ്ടിയുള്ള കുമ്പസാരം കൂടിയായിരുന്നു.

സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ നടുത്തളങ്ങളിലൂടെ ഏകനായി സഞ്ചരിക്കുന്ന ഒരു ഫ്രാൻസിസ് മാർപാപ്പായുടെ ചിത്രം കോവിഡ് കാലത്ത് മാധ്യങ്ങളിലൂടെ പ്രചരിച്ചിരുന്നു. രോഗാവസ്ഥയിലും ഒറ്റപ്പെട്ടും കഴിയുന്നവർക്കുള്ള നിശബ്ദ സന്ദേശമായിരുന്നു അത്. പതിവ് ചാക്രീയലേഖനത്തിൽ നിന്നും വ്യത്യസ്തമായി ലോകം അതിനെ കണ്ടു. സഭാവിശ്വാസികൾക്ക് കാലാകാലങ്ങളിൽ നൽകുന്ന അറിയിപ്പുകളാണ് ചാക്രീയലേഖനങ്ങൾ. പരസ്പരം സഹകരിച്ചും സഹായിച്ചും മാത്രമെ കോവിഡ് മഹാമാരിയിൽ നിന്നും കരകയറാനാവൂ എന്നദ്ദേഹം ചാക്രിയലേഖനത്തിൽ എഴു




തി. ലോക്ക് ഡൗൺ കാലത്തുനിന്നുകൊണ്ടുള്ള പുതിയലോകത്തിലേക്കുള്ള കാഴ്ചപ്പാടു പങ്കുവച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ കൃതിയാണ് ലെറ്റ് അസ് ഡ്രീം- ദ് പാത് ടു എ ബെറ്റർ ഫ്യൂച്ചർ. സാഹോദര്യം എന്ന ചിന്തയായിരുന്നു അതിന്റെ അടിസ്ഥാനം.

സ്ത്രീകളും പുരുഷന്മാരും സഭയിൽ തുല്യരാണെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. എല്ലാ തീരുമാനങ്ങളിലും അവർ ഒപ്പമുണ്ടാകണമെന്ന് നിർദ്ദേശിച്ചു. പെസഹാ തിരുകർമ്മങ്ങളിൽ സ്ത്രീകളുടെ കാലുകൾ കഴുകാം എന്നു പറയുക മാത്രമല്ല, 2024 വിശുദ്ധ വാരാചരണത്തിൽ റോമിലെ റെബിബ്ബിയ ജയിലിലുള്ള 12 സ്ത്രീകളുടെ കാൽകഴുകി അദ്ദേഹം ചുംബിച്ചു. അന്ത്യ അത്താഴ സമയത്ത് ഈശോ കാൽകഴുകിയത് പുരുഷന്മാരായ ശിഷ്യന്മാരുടേതാണെന്ന പ്രതിഷേധം തീവ്രവിശ്വാസവിഭാഗത്തിൽ നിന്നും ഉണ്ടായി.

സ്വവർഗ്ഗാനുരാഗികളെക്കുറിച്ചുള്ള കാഴ്ചപ്പാടും സാധാരണ വിശ്വാസികളെ ആശ്ചര്യപ്പെടുത്തി. വിവാഹം സ്ത്രീയും പുരുഷനും തമ്മിൽ മാത്രമേ ആകാവു എന്ന നിലപാടിൽ ഉറച്ചുനിൽക്കുമ്പോഴും സ്വവർഗ്ഗാനുരാഗികളെയും ദൈവസ്നേഹത്തിന്റെ പേരിൽ തള്ളിക്കളയാൻ കഴിയില്ല എന്ന നിലപാടായിരുന്നു അദ്ദേഹത്തിന്റെയും. സ്വവർഗ്ഗ വിവാഹിതരെ വൈദീകർ ആശീർവദിക്കുന്നതിൽ തെറ്റില്ലെന്ന് അദ്ദേഹം പറഞ്ഞു.

മാർ പാപ്പ പുതിയ കാലത്തിന്റെ വെല്ലുവിളിയാണെന്നു സഭാവിശ്വാസികളെ ബോധ്യപ്പെടുത്തിയാണ് ഫ്രാൻസിസ് മാർ പാപ്പ കടന്നുപോയത്. പൊതുസമൂഹത്തെ വിസ്മരിച്ചുകൊണ്ട് തന്റേതായ വിശ്വാസം പ്രചരിപ്പിക്കുന്ന കാലത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടുവെന്നും സഭേതരരെക്കൂടി പരിഗണിച്ചുകൊണ്ടുമാത്രമെ ക്രിസ്തുസ്നേഹം വിളംബരം ചെയ്യുവാൻ ഇനി കഴിയുകയുള്ളൂവെന്ന തിരിച്ചറിവ് ലോകത്തിനു നൽകിയ ഫ്രാൻസിസ് മാർ പാപ്പ പുതുക്കപ്പെട്ട വിശ്വാസത്തിന്റെ പ്രതീകമാണ്.



# 2025 May

1 May: **International Labour Day or May Day**

International Labour Day is also known as Labour Day or May Day. It is celebrated globally every year on the 1st of May. In India, Labour Day is referred to as Antarrashtriya Shramik Diwas or Kamgar Din. What is the history behind celebrating this day etc. given in the link provided?

1 May: **Maharashtra Day**

It is also known as Maharashtra Diwas in Marathi. It is a state holiday in Maharashtra. The state of Maharashtra was formed from the division of the Bombay State on 1 May 1960.

1 May: **Gujarat Day**

It is a state holiday in Gujarat. The state of Gujarat was formed on 1 May 1960.

2 May- **World Tuna Day**

It is observed on 2 May and is established by the United Nations (UN) to raise awareness about the importance of tuna fish.

3 May - **Press Freedom Day**

Every year Press Freedom Day or World Press Freedom Day is observed on 3rd May to evaluate press freedom around the world and to pay tribute to journalists who have lost their lives in the exercise of their profession.

4 May – **Coal Miners Day**

Every year on May 4, Coal Miners Day is observed to honour the coal miners. Let us tell you that Coal mining is done to extract coal from the ground. Coal Mining is one of India's most dangerous professions. Coal Miners are the men who know that they may not return home after work when the day is over. Then, also they walk in the coal mines and earn their daily wages.

4 May - **International Firefighter's Day**

International Firefighter's Day is observed every year on 4 May. It was instituted on January 4, 1999, after a proposal via email out across the world due to the deaths of five firefighters in a bushfire in Australia. Therefore, this day is observed to recognise and honour the sacrifices that firefighters make to ensure that their communities and environment are as safe as possible.




5 May - **World Laughter Day (first Sunday of May)**

World Laughter Day is celebrated on the first Sunday of May every year. In 1998, the first celebration took place in Mumbai, India. It was arranged by Dr Madan Kataria founder of the worldwide Laughter Yoga movement.

6 May - **International No Diet Day**

It is observed on May 6 annually. It is a celebration of body acceptance, including fat acceptance and body shape diversity.

7 May - **World Athletics Day**

World Athletics Day is observed on 7 May to raise awareness about sports among youth, in schools and institutions to promote athletics as the primary sport. And to introduce new talent and youngsters in the field of athletics.

7 May - **World Asthma Day (First Tuesday of May)**

World Asthma Day is observed every year on the first Tuesday of May to spread awareness and care about asthma in the world. An annual event is organised by the Global Initiative for Asthma. Asthma is a chronic inflammation of bronchitis causing cough, breathlessness, chest tightness etc.

8 May - **World Red Cross Day**

World Red Cross Day is observed every year on 8 May to commemorate the birth anniversary of the founder of the Red Cross. Let us tell you that the founder of the Red Cross was Henry Dunant as well as the founder of the International Committee of the Red Cross (ICRC). He was born in Geneva in 1828. He became the first recipient of the 1st Nobel Peace Prize.

8 May - **World Thalassaemia Day**

World Thalassaemia Day or International Thalassaemia Day is observed every year on 8 May in honour of all patients suffering from Thalassaemia and for their parents who have never lost hope for life, despite the burden of their disease. This day also encourages those who struggle to live with the disease.

9 May – **Rabindranath Tagore Jayanti**

As per drikpanchang, the 25th day of Boishakhcurrently overlaps with either the 8th May or 9th May on the Gregorian calendar. As per the Gregorian calendar, it is observed on May 7 May in other states. He was born on 7 May 1861 in Kolkata. He was one of India's top artists, novelists, authors, Bengali poets, humanists, philosophers etc. In 1913, he was honoured with Nobel Prize in Literature.

9 May- **Maharana Pratap Jayanti**

The occasion of Maharana Pratap Jayanti honours the illustrious and valiant rule of Chittor's first birthday. He was a legendary warrior, the pride of Rajasthan, and a force to be feared. He was Rana Udai Singh II, the Mewar king,'s son.

10 May- **World Lupus Day**

Every year on May 10, people worldwide observe World Lupus Day. Its purpose was to make us more aware of the fact that the seemingly unrelated symptoms are actually signs of a chronic, crippling autoimmune disease.

11 May - **National Technology Day**

Every year National Technology Day is observed on 11 May to highlight the important role of Science in our daily lives and encourage students to opt for science as an option for a career. On this day Shakti, the Pokhran nuclear test was held on 11 May 1998.

12 May - **International Nurses Day**

Every year International Nurses Day is celebrated on 12 May to commemorate the anniversary of Florence Nightingale's birthday. This day also celebrates the contribution done by nurses to society around the world. On this day the International Council of Nurses organisation produces an International Nurses kit to educate and assist health workers globally with a different theme every year.

12 May - **Mother's Day** (Second Sunday of May)

Mother's Day is celebrated every year on the second Sunday of May to honour motherhood and is observed in different forms throughout the world. Mother's Day was founded by Anna Jarvis who had given the idea of celebrating Mother's Day in honour of mothers and motherhood in 1907. Nationally this day was recognised in 1914.

15 May – **International Day of Families**

International Day of Families is observed every year on 15 May. Family is the basic unit of society. This day provides an opportunity to raise awareness about the issues related to families and to increase knowledge about the social, economic and demographic processes that affect them.

16 May- **National Dengue Day**

The day is observed (16 May) with the recommendation of the Ministry of Health and Family Welfare, Government of India. Dengue is prevalent across the country. This year due to the COVID-19 pandemic lockdown, awareness campaigns, rallies, etc. regarding Dengue is not organised in the country but can be spread through online.

16 May- **International Day of Light**

Every year on May 16, people around the world observe the International Day of Light. The day honours the date of physicist and engineer Theodore Maiman's first productive laser operation in 1960. UNESCO's International Basic Science Programme (I.B.S.P.) coordinates the day's celebration on behalf of the United Nations.

17 May – **World Telecommunication Day**

World Telecommunication Day is observed every year on 17 May. It marks the founding of ITU when the first International Telegraph Convention was signed in Paris on 17 May 1865. It is also known as World Telecommunication and International Society Day. Since 1969, it has been celebrated annually.

17 May - **World Hypertension Day**

This day is celebrated by World Hypertension League (WHL) on 17 May annually. The day promotes awareness about hypertension and encourages people to prevent and control this silent killer epidemic.

17 May - **National Endangered Species Day** (Third Friday in May)

Every year on the third Friday in May National Endangered Species Day is celebrated annually to raise awareness about the importance of wildlife conservation and restoration efforts for all imperilled species. Endangered Species Act 1973, focuses on the protection of wildlife and threatened species.

18 May – **World AIDS Vaccine Day**

Worlds AIDS Vaccine Day or HIV Vaccine Awareness Day is observed every year on 18 May. This day marks the efforts of thousands of researchers, scientists, and health professionals who have contributed to the process of finding safe and effective AIDS medicine. It is also an opportunity to educate communities about the importance of preventive HIV vaccine research.

18 May - **International Museum Day**

International Museum Day is observed on 18 May every year to raise awareness about the museum and its role in society. The International Council of Museums (ICOM) created International Museum Day in 1977. The organisation suggested a proper theme every year which may include globalisation, bridging cultural gaps and care for the environment.

18 May – **Armed Forces Day** (Third Saturday of the May)

Armed Forces Day is celebrated on the third Saturday of every May. This day is celebrated to pay tribute to the men and women who served in the United States Armed Forces.

20 May- **International HR Day**

The European Association for People Management established HR Day in 2019 with the goal of highlighting the important role that HR professionals and practices play within the organization and increasing public awareness of the changing demands and vital role that HR professionals play in today's dynamic workplace and their crucial role in the success of organizations.

21 May – **National Anti-Terrorism Day**

National Anti-Terrorism Day is observed every year on May 21 to spread awareness about the violence caused by terrorists and also in memory of former Indian PM Rajiv Gandhi, who passed away on this day.

21 May- **International Tea Day**

The world observes International Tea Day on May 21. It aims to recognise the contributions of the tea industry and promote fair trade and investment in the area. Also, International Tea Day includes giving recognition to tea and the people who work in the tea business.

22 May - **International Day for Biological Diversity**

International Day for Biological Diversity is observed on 22 May every year to increase awareness and understanding of the issues of biodiversity.

23 May - **Buddha Jayanti or Buddha Purnima**

It is believed that on the full moon of the month of Vaishakh, Gautama Buddha was born in Lumbini near Kapilavastu. He is also known as 'Jyoti Punj of Asia' or 'Light of Asia'. This year, Buddha Jayanti or Buddha Purnima is celebrated on 23 May.

കഥ

## കലഹിച്ച് കലഹിച്ച് പൂക്കുന്നവർ ....

**ജസീറ അനസ്**

വാർദ്ധക്യത്തിലിരിക്കുന്ന ദമ്പതിമാരെ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ ...? മനസ്സ് തുറന്ന് നിങ്ങളവരെ നോക്കിയാൽ ഒത്തിരി കാര്യത്തിൽ ചാലിച്ച കൗതുകം തരുമത്. പോയ കാലത്തിന്റെ വസന്തങ്ങൾക്ക് പല്ലുകൊഴിയാ ചിത്രമിട്ട വർ രസിപ്പിച്ചു കളയും. അവരുടെ നിമിഷങ്ങൾക്ക് പ്രണയം വറ്റിയെന്ന് നമുക്ക് തോന്നുമെങ്കിലും .... ഇല്ല...

അവർ ഹൃദയം ചേർത്തിരിക്കുകയല്ല, പരസ്പരം കൊടുത്തിരിക്കുകയാണ്...

അവശത നേരത്തെ അൽപ്പം വാശിയിൽ കലർത്തി അപ്പൂപ്പൻമാർ അമ്മൂമ്മമാരെ ചൊടിപ്പിക്കുന്നതു കാണാം ...

കുഴമ്പ് കൊണ്ടു വാ എന്ന് പറഞ്ഞ് നാവെടുക്കും മുമ്പെ കട്ടൻ ചായ കൊണ്ടുവരാൻ പറഞ്ഞു കളയുമവർ ...

വിശക്കുന്നെന്ന് പറഞ്ഞ് നിർബന്ധിച്ചെടുപ്പിക്കുന്ന ചോറിന് രുചിയില്ലെന്ന് പറഞ്ഞ് മതിയാക്കുമവർ ...

ചായക്ക് ചൂടില്ലാന്ന് പറഞ്ഞ്...

കറിക്കെരുവില്ലാന്ന് പറഞ്ഞ്...

തൊട്ടതിനും പിടിച്ചതിനും എന്തെക്കെയോ പറഞ്ഞ്...

അമ്മൂമ്മയെ വല്ലാതെ അരിശപ്പെടുത്തുമവർ ...

'ദേ മനുഷ്യാ ഞാനൊരു വാലുവക്കാരിയല്ല ഇങ്ങനെ കെടന്നോടാൻ ' എന്ന് അമ്മൂമ്മ മുറുമുറുക്കുന്നത് കേൾക്കാം...

എങ്കിലും ... മൗനം വിങ്ങിയ നിമിഷങ്ങളെ നടുക്കിരുത്തി അവരുടെ കണ്ണുകളും മനസ്സുകളും കഥപറയാറുണ്ട്...

നെടുവീർപ്പുയർന്ന ശ്വാസത്തെ താടിക്ക് കൈ കൊടുപ്പിച്ചവർ കൂടെയിരുത്താറുണ്ട്...

ഓടിത്തളർന്ന പോക്കുവെയിലിൽ ഓർമ്മകൾ മഞ്ഞിപ്പിച്ച് കൂടെ നടക്കാറുണ്ട് ...

വിറച്ചു മാറുന്ന നേരങ്ങളെ കൈ താങ്ങായി ചേർത്തു വെക്കാറുണ്ട്....

'നീ കഴിക്കണില്ലേ എന്ന അപ്പൂപ്പന്റെ ചോദ്യത്തിൽ ഇനിയും പൊലിഞ്ഞ് തീരാത്ത കരുതലിന്റെ ഗന്ധമുണ്ട്....

അതെ .... അവർ ചില നേരങ്ങളിൽ കലഹിച്ച് കലഹിച്ച് പൂക്കുന്നവരായി മാറുകയാണ്....



കവിത

## നിശബ്ദമായ ഒരു വാക്ക്

' നിദ്രയുടെ ഒടുവിലെപ്പഴോ കറുത്ത
സപ്നം കടന്നുവരും മുൻപ് ഞാനൊരു
വെളുത്ത സ്വപ്നം കണ്ടിരുന്നു രാത്രിയുടെ
ഒടുവിൽ കടന്നു വരുന്ന
ഒരതിഥിക്കുവേണ്ടി ഞാൻ സൂക്ഷിച്ച ആരും
പറയാത്ത ഒരു വാക്കായിരുന്നു അത്
അക്ഷരങ്ങളും ആക്രിതിയുമില്ലാത്ത
ആ വാക്ക് ഹൃദയത്തെ
പുണർന്ന് കാതിൽ ചുണ്ടുകൾ ചേർത്ത്
ആയിരം വാക്കുകളുടെ
ഒരു മന്ത്രണമായിരുന്നു
പക്ഷെ,
എന്റെ വെളുത്ത സ്വപ്നത്തിന്റെ കണ്ണുകളിലേക്ക് ഒരു കറുത്ത സ്വപ്നത്തിന്റെ ഇരുട്ട് പെയ്തിറങ്ങി
അഴുക്കുപുരണ്ട നഖമുനകൾ കൊണ്ട് അതെന്റെ കൃഷ്ണമണികളെ കവർന്നെടുത്തു
നാക്കും ചൊടികളും നുള്ളിയെടുത്ത് എന്റെ
വാക്കിന്റെ കാലുകളെ
ഉപരോധത്തിന്റെ താഴിട്ട് തുടലുകൾ കൊണ്ട് പൂട്ടി പക്ഷെ അപ്പഴും എന്റെ മൗനത്തിലൊരായിരം വാക്കുകൾ
വാ പൂട്ടി മിഴി പൂട്ടി നിൽക്കുന്നു'




May 23 - **World Turtle Day**

It is observed annually on May 23 to spread awareness regarding protecting turtles and tortoises and also their disappearing habitats across the world. The day promises a better future where humans and turtles can coexist peacefully.

May 24- **National Brother's Day**

Brother's Day is an unofficial holiday celebrated mostly in the US on May 24. The day was founded to celebrate the marvellous relationship between brothers and sisters.

May 25- **Africa Day**

An annual celebration of African independence, sovereign rule, and identity is known as African Liberation Day or Africa Day. The day serves as the founding day of the Organisation of African Unity on May 25, 1963. In 1958, Accra, Ghana's capital, hosted the first commemoration of African Liberation Day.

27 May - **National Memorial Day** (last Monday of May)

Memorial Day is observed every year on the last Monday of May. This year it falls on May 29. The day honours and remembers the fallen American Military personnel.

# ബുക് ഷെൽഫ്



### കുർബാൻ

ഹരിത സാവിത്രി

360 രൂപ

കോപ്പികൾക്ക്

+918848663483, +919496105082

ജൂതവംശത്തെ ഒടുക്കാൻ വേണ്ടി ഹിറ്റ്ലർ കൈക്കൊണ്ട രാക്ഷസീയ ക്രൂരതകളുടെ സ്മൃതി, ആ വംശത്തിന്റെ ബോധത്തിൽനിന്ന് മായാൻ വേണ്ടിടത്തോളം, കാലം ഒഴുകിപ്പോയിട്ടില്ല. എന്നിട്ടും എതിർവംശത്തിന് നിലനിൽക്കാൻ ഭൂമിയിൽ ഇടം വേണമെന്ന സഹിഷ്ണുത കിളിർക്കുന്നില്ല. കുർദുകളായിപ്പിറന്നതിൻപേരിൽ അതിജീവനാർഹത നിഷേധിക്കപ്പെട്ട്, നരകത്തിലേക്കു തള്ളപ്പെട്ടവരുടെ കഥയാണ് ബലിപ്രരൂപത്തിന്റെ സമസ്തശക്തികളോടും കൂടി ഈ നോവലിൽ ശതശീർഷമുയർത്തി വാഗഗ്നിവമിക്കുന്നത്.

**- ഡോ. എം. ലീലാവതി**

കുർബാനിൽ, ഹരിത സാവിത്രി അന്വേഷിക്കുന്നത് മനുഷ്യാന്തസ്സിന്റെ തകർച്ചയെക്കുറിച്ചാണ്. ആ തകർച്ച ഒരു വിലാപത്തിലൂടെയോ നെടുവീർപ്പിലൂടെയോ വായുവിൽ അലിയിച്ചുകളയാൻ ഹരിത ഒരുക്കവുമല്ല. താനേ തകർന്നുപോകുന്ന ഒന്നല്ല ദെമീറിന്റെയും ഇസെലിന്റെയും അന്തസ്സ്. മറിച്ച് അത് തകർക്കപ്പെടുന്നതാണ്. ഭരണകൂടമാണത് ചെയ്യുന്നത്. അതിന്റെ മോഡസ് ഓപ്പറാൻഡി ഒരുക്കുന്നതാകട്ടെ ഉൾഭരണകൂടവും. പോലീസും രഹസ്യാന്വേഷണസംഘങ്ങളും ഒരു സമഗ്രാധിപത്യഭരണകൂടത്തിനു കീഴിൽ വെറും ക്വട്ടേഷൻ സംഘങ്ങൾ കൂടിയാണ്. അവരുടെ സർഗ്ഗാത്മകത ഹിംസയുടെ അന്തമില്ലാത്ത ശ്രേണികൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അവർ മനുഷ്യരെ തകർക്കുന്നു. ശാരീരികമായി മാത്രമല്ല, മനുഷ്യാന്തസ്സിനെ തകർത്ത് അവരെ നിതാന്തമായ അപമാനത്തിലേക്ക് തള്ളിവിടുന്നു.

**- പി.എൻ. ഗോപീകൃഷ്ണൻ**




### തേജോ തുംഗഭദ്ര

വസുധേന്ദ്ര

499 രൂപ

+918848663483, +919496105082

പോർച്ചുഗലിലെ ലിസ്ബണിലൂടെ ഒഴുകുന്ന തേജോയും കർണാടകയിലെ വിജയനഗരത്തിലൂടെ ഒഴുകുന്ന തുംഗഭദ്രയും ചരിത്രാതീതകാലം മുതൽക്കുള്ള മനുഷ്യരുടെ അനുഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച നദികളാണ്. പതിനാറാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നടന്ന ചില സംഭവങ്ങൾ ആ കാലഘട്ടത്തിലെ ജനങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയിരുന്നു. സ്പെയിനിൽ വംശീയ പീഡനത്തിരയായ ജൂതരുടെ പോർച്ചുഗലിലേക്കുള്ള പലായനം. വാസ്കോ ദ ഗാമ കോഴിക്കോടെത്തുന്നത്. വിജയനഗര സാമ്രാജ്യത്തിന്റെ ചക്രവർത്തിയായി ശ്രീകൃഷ്ണദേവരായരുടെ കിരീടാഭിഷേകം. ഗോവ പോർച്ചുഗീസുകാരുടെ അധീനത്തിലാവുന്നത്. കേവലം മുപ്പത്തിയാറു വർഷങ്ങളിലായി (14921528) ചുരുളഴിയുന്ന ചരിത്രസംഭവങ്ങളുടെ പാശ്ചാത്തലത്തിൽ നടക്കുന്ന സാധാരണ മനുഷ്യരുടെ കാല്പനിക കഥകളാണ് ഈ നോവലിന്റെ ഇതിവൃത്തം



### 10 ഹരിത കല്പനകൾ

**ജോസ്ട്രോ ഐസക്ക് കൂരൽത്തടം**

പാപ്പാ ഫ്രാൻസിസിന്റെ വിശ്രുത ചാക്രിക ലേഖനത്തെ ഉപജീവിച്ചുള്ള പാരിസ്ഥിതിക ദൈവശാസ്ത്ര അപഗ്രഥനം...

വില 480/

കോപ്പികൾക്ക് 9895538319, 8848663483

ലോകത്തെ വിസ്മയിപ്പിച്ച ഒരു ചിന്താപ്രവാഹമായിരുന്നു 2015 മേയ് 24 ന് പുറത്തിറങ്ങിയ പാപ്പാ ഫ്രാൻസിസിന്റെ ചാക്രിക ലേഖനം അങ്ങേയ്ക്ക് സ്തുതിയായിരിക്കട്ടെ ! സ്രഷ്ടാവും പ്രകൃതിദത്ത ലോകവും ജീവജാലങ്ങളും തമ്മിലുള്ള ബന്ധത്തെ പുതിയ ഉൾക്കാഴ്ച്ചയോടെ നിർവചിക്കുന്ന ഒരു ദർശനമാണ് അത് മുന്നോട്ട് വെച്ചത്. കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതത്തിൽ സ്തബ്ദമായി നിൽക്കുന്ന ലോകത്ത് പ്രവചനാത്മകമായ പ്രസക്തിയാണ് അങ്ങേയ്ക്ക് സ്തുതിയായിരിക്കട്ടെ വെളിവാക്കിയത്. ചാക്രിക ലേഖനത്തെ ഉപജീവിച്ച് പരിസ്ഥിതി ശാസ്ത്രജ്ഞനും പ്രപഞ്ച ശാസ്ത്ര വിശാരദനുമായ ജോസ്ട്രോം ഐസക് കൂരൽത്തടം രചിച്ച- * 10 GREEN COMMANDMENTS ,പത്ത് ഹരിത കല്പനകൾ എന്ന ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയാണിത്.

30 May- **International Day Of Potato**

Potato Day will be celebrated every year on May 30. The day supports and promotes small-scale and family farming production of the potato, particularly by rural farmers, including women farmers, supports efforts to reduce hunger, malnutrition and poverty, and achieve food security, and relies on and contributes greatly to the conservation and sustainable use of biodiversity.

30 May- **Goa Statehood Day**

Goa, a beautiful state on the west coast of India is celebrating its 36th Statehood this year. In 1976, the Goa Assembly issued a resolution seeking complete statehood; it was later recognised on May 30, 1987.

30 May- **Hindi Journalism Day**

The first newspaper in the Hindi language, Udant Martand, was published on May 30. Pandit Jugal Kishore Shukla started it as a weekly newspaper from Calcutta on May 30, 1826.

31 May – **Anti-Tobacco Day**

Anti-Tobacco Day or World No Tobacco Day is observed on 31 May every year across the globe to make people aware and educate them about the harmful effects of tobacco on health which causes cardiovascular diseases, cancer, tooth decay, staining of teeth etc.